**സബ്മിഷൻ**

**പി.എസ്.സി. പരീക്ഷ**

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഫെബ്രുവരി 8-ാം തീയതി പി.എസ്.സി. ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പരീക്ഷ പാലക്കാട്, കോട്ടയം തുടങ്ങിയ ജില്ലകളിൽ നടക്കുകയാണ്. അന്നുതന്നെയാണ് റെയിൽവേ ഡിപ്പാർട്ടുമെന്റിന്റെ ഗ്രൂപ്പ് -ഡി തസ്തികയിലേക്കുള്ള എഴുത്തുപരീക്ഷയിൽ യോഗ്യത നേടിയ വനിതാ ഉദ്യോഗാർത്ഥികൾക്കുള്ള കായികക്ഷമതാ പരിശോധന ചെന്നൈയിൽ വച്ച് നടക്കുന്നത്. രണ്ടുപരീക്ഷയും ഒരേദിവസം വന്നതിന്റെ ഭാഗമായി ഏതാണ്ട് അയ്യായിരത്തോളം ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുമെന്നാണ് ഇന്ന് മാതൃഭൂമി പത്രത്തിൽ ഒരു പ്രധാനപ്പെട്ട വാർത്തയായി വന്നിട്ടുള്ളത്. അതുകൊണ്ട് പി.എസ്.സി. പരീക്ഷ മറ്റേതെങ്കിലും സൗകര്യപ്രദമായ ഒരു ദിവസത്തേക്ക് മാറ്റിവയ്ക്കുകയും ഉദ്യോഗാർത്ഥികൾക്കുള്ള അവസരം നഷ്ടപ്പെടാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കണമെന്നുമാണ് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. പാലക്കാട് ജില്ലയിലെ ഏതാണ്ട് എല്ലാ ജനപ്രതിനിധികളും താങ്കളുടെ ശ്രദ്ധയിലും പി.എസ്.സി. ചെയർമാന്റെ ശ്രദ്ധയിലും ഈ വിഷയം കൊണ്ടുവന്നതാണ്. പാലക്കാട് ജില്ലയിൽ മാത്രമല്ല കോട്ടയം ജില്ലയിലും ഈ പരീക്ഷ നടക്കുന്നുണ്ട്. ഇതേ പ്രശ്നം കോട്ടയം ജില്ലയിലെ ആളുകളെയും ബാധിക്കാൻ സാധ്യതയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സജീവമായിട്ടുള്ള ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. ഇതിന്റെ നോട്ടിഫിക്കേഷൻ ആയിട്ടുണ്ട്. ഈ ബുദ്ധിമുട്ട് പി. എസ്.സി.-യുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. പക്ഷേ, അവർ പരീക്ഷ നോട്ടിഫൈ ചെയ്തതുകൊണ്ട് ഇനി മാറ്റിവയ്ക്കുകയാണെങ്കിൽ അതിന് വളരെയേറെ സാമ്പത്തിക ബാധ്യതകളെല്ലാം വരുമെന്ന സാഹചര്യത്തിൽ ഫെബ്രുവരി 08-ന് നടക്കാൻ പോകുന്ന എൽ.ഡി.സി. പരീക്ഷ മാറ്റിവക്കാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ഇതുപോലുള്ള പ്രശ്നങ്ങൾ പരിശോധിച്ചതിനുശേഷം അവർ ഇപ്പോൾ അറിയിച്ചിരിക്കുന്ന വിവരം അതാണെന്ന് അറിയിക്കുകയാണ്.

## മഹാത്മ അയ്യങ്കാളിയുടെ ജന്മദിനവും ചരമദിനവും അവധിയായി പ്രഖ്യാപിക്കൽ

ശ്രീ. പി..സി. ജോർജ് : സർ, അധ:സ്ഥിത ജനതയുടെ വിമോചകനും പട്ടികജാതി-പട്ടികവർഗ്ഗ നേതാവും സാധുജനപരിപാലന സംഘം സ്ഥാപകനും എം.എൽ.സി.-യുമായിരുന്ന മഹാത്മാ അയ്യങ്കാളിയുടെ ജന്മദിനമായ ഓഗസ്റ്റ് 28-ഉം ചരമദിനമായ ജൂൺ 18-ഉം സർക്കാർ അവധി ദിവസങ്ങളായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എന്റെ ആവശ്യം. അധ:സ്ഥിത ജനവിമോചന പോരാളിയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ദൈവത്തെപ്പോലെ കരുതുന്ന മഹത്‌വ്യക്തിയും തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരും വഴിനടക്കാൻ സാധ്യതയില്ലാത്തവരും വിദ്യാഭ്യാസം ചെയ്യാൻ സ്വാതന്ത്ര്യം ഇല്ലാത്തവരും ഉൾക്കൊള്ളുന്ന വലിയ ജനവിഭാഗത്തിന് മൗലികാവകാശം സംരക്ഷണത്തിനായി ജീവിതാവസാനം

വരെ പോരാടിയ വ്യക്തിത്വമാണ് അദ്ദേഹം. സവർണ്ണ മേധാവികളോടും അവരുടെ ചട്ടമ്പിപ്പടയുടെയും നിരന്തര ആക്രമങ്ങളിലും മനോവീര്യം തകരാതെ പ്രവർത്തിച്ച കർമ്മയോഗിയാണ് അദ്ദേഹം. തന്റെ വിഭാഗത്തിൽ നിന്നൊരു ഒരു ബി.എ.-ക്കാരനെങ്കിലും ഉണ്ടാകണമെന്നും വിദ്യാഭ്യാസ സഹകരണ പാരതന്ത്ര്യത്തിൽനിന്ന് രക്ഷപ്പെടണമെന്നും വിശ്വസിച്ച് പ്രവർത്തിച്ച വ്യക്തിത്വമാണ് അദ്ദേഹമെന്ന് നമുക്കറിയാം. പ്രജാസഭയിൽ അധ:സ്ഥിത ജനതയുടെ ശബ്ദം അയ്യങ്കാളി എന്ന എം.എൽ.സി.-യിലൂടെ യാണ് മുഴങ്ങിയിരുന്നത്. അങ്ങനെയുള്ള മഹത്വ്യക്തിയെ ആദരിക്കേണ്ട ബാധ്യത ഈ സർക്കാരിനുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ ജന്മദിനമായ ഓഗസ്റ്റ് 28-ഉം ചരമദിനമായ ജൂൺ 18-ഉം അവധിദിവസങ്ങളായി പ്രഖ്യാപിക്കാൻ കഴിയുമോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മഹാത്മാ അയ്യങ്കാളി സമൂഹത്തിന് ചെയ്തിട്ടുള്ള സംഭാവനകളെക്കുറിച്ച് ഈ നാട് എന്നും സ്മരിക്കും. അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനുവേണ്ടി നിശ്ചയമായും നമുക്ക് പല കാര്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്. ആ കാര്യങ്ങളിലൊക്കെ ഗവൺമെന്റ് പ്രത്യേകമായ ശ്രദ്ധ ചെലുത്തും എന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അവധി ദിവസത്തിന്റെ കാര്യത്തിൽ നമുക്കൊരു തീരുമാനത്തിന് കുറെ ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. കാരണം ഇപ്പോൾത്തന്നെ അവധി ദിവസങ്ങൾ കൂടിയിരിക്കുന്നു എന്നുള്ള അഭിപ്രായം മറ്റ് സംസ്ഥാനങ്ങളെ തട്ടിച്ചു

നോക്കുമ്പോൾ കൂടുതലായി ഇവിടെ വന്നിട്ടുണ്ട്. കൂടാതെ പുതിയ അവധി ദിവസത്തിനുവേണ്ടിയിട്ടുള്ള നിരവധി അപേക്ഷകളും കിട്ടിയിട്ടുണ്ട്. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു തീരുമാനം എടുക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അതേസമയം അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുവേണ്ടി സമൂഹം വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ടെന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കുമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

<u>പാസ്പോർട്ട് ലഭിക്കുന്നതിലെ കാലതാമസം</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, പുതുതായി പാസ്പോർട്ടിന് അപേക്ഷിക്കുന്നവർക്കും കാലാവധി തീർന്ന പാസ്പോർട്ട് പുതുക്കുന്ന വർക്കും നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കേണ്ടിവരുന്ന ചില പ്രയാസങ്ങൾ ഈ സഭയുടെ മുന്നിൽ കൊണ്ടുവരുവാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പലപ്പോഴും അറിയാതെയും അറിയിക്കാതെയുമാണ് വെരിഫിക്കേഷനുവേണ്ടി ഉദ്യോഗസ്ഥന്മാർ അപേക്ഷകരുടെ വീടുകളിൽ എത്തുന്നത്. ചിലപ്പോൾ ഒരു അപേക്ഷകൻ വീടുപൂട്ടി പല ആവശ്യങ്ങൾക്കുമായി പല സ്ഥലങ്ങിൽ പോയിട്ടുണ്ടാകും. പക്ഷേ, വെരിഫിക്കേഷന് വരുന്ന ഉദ്യോഗസ്ഥർ ഈ അപേക്ഷകൻ സ്ഥലത്തില്ല അല്ലെങ്കിൽ ഈ വിലാസത്തിൽ ആരും താമസമില്ല എന്നാണ് റിപ്പോർട്ട് ചെയ്യാറുള്ളത്. പാസ്പോർട്ട് കരസ്ഥമാക്കി വിദേശങ്ങളിൽ ജോലി സമ്പാദിക്കാനുള്ള അഭ്യസ്തവിദ്യരടക്കമുള്ളവരുടെ സ്വപ്നം അതോടെ തകരുകയാണ്. നിയമങ്ങളുടെ ഊരാക്കുരുക്കിൽപെട്ട് ഒരു കുറ്റവാളിയെ പോലെ ഉഴലേണ്ടിവരുന്ന അവസ്ഥയാണ് പിന്നീട് അവർക്കുണ്ടാകുന്നത്. എന്റെ മണ്ഡലത്തിൽതന്നെ ഉണ്ടായ ഒരു സംഭവം ഇവിടെ വിവരിക്കാൻ ആഗ്രഹിക്കുകയാണ്. ഹജ്ജ് യാത്ര ഉദ്ദേശിച്ച് പ്രായംചെന്ന ഒരു സ്ത്രീ

പാസ്പോർട്ടിന് അപേക്ഷിച്ചു. വെരിഫിക്കേഷനായി ഉദ്യോഗസ്ഥൻ വീട്ടിൽ വന്നപ്പോൾ ആ സ്ത്രീ വീട്ടിലുണ്ടായിരുന്നില്ല. വീട് പൂട്ടി തൊട്ടടുത്ത മകളുടെ വീട്ടിൽ പോയതായിരുന്നു. ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തത് അങ്ങനെയുള്ള ഒരു സ്ത്രീ ആ വീട്ടിൽ താമസിക്കുന്നില്ലെന്നും പ്രസ്തുത വിലാസത്തിൽ ആരുമില്ലെന്നുമായിരുന്നു. ജീവിതത്തിലെ ഏറ്റവും വലിയ പുണ്യകർമ്മമായ ഹജ്ജ് നിർവ്വഹിക്കുവാനുള്ള അവസരം അവർക്ക് ലഭിക്കാതെപോയി എന്നതാണ് അതിന്റെ പരിണിതഫലം. ഇതുപോലുള്ള ദുരനുഭവം ഈ സഭയിലുള്ളവർക്കുപോലും ഉണ്ടായിട്ടുണ്ടെന്ന് നമുക്ക് എല്ലാവർക്കുമറിയാം. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ മകന്റെ പാസ്പോർട്ടിന്റെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വീട്ടിൽ വന്നപ്പോൾ ഉണ്ടായ സംഭവം നമ്മൾ എല്ലാവരും പത്രത്തിൽ വായിച്ചതാണ്. അതുപോലെ ചെറിയ വാഹന കേസ്സിൽപെടുന്ന ആളുകൾക്കും സിനിമാ തിയേറ്ററിൽ ഒരു സിഗരറ്റ് വലിച്ചു എന്നതിന്റെ പേരിൽ പെറ്റി കേസ്സുകളിൽപ്പെടുന്ന ആളുകൾക്കും 100 രൂപ പിഴ കൊടുക്കേണ്ടിവരും. ഇങ്ങനെയുള്ള കേസ്സുകളെപ്പോലും വളരെ വലുതായി ചിത്രീകരിച്ച് കുറ്റവാളികളെ പോലെയാണ് ചില ഉദ്യോഗസ്ഥന്മാർ പാസ്പോർട്ടിന് അപേക്ഷിക്കുന്ന ആളുകളോട് പെരുമാറുന്നത്. കാസർഗോഡ് നിരവധി വിദ്യാർത്ഥികൾ 50 കി.മീ. മാത്രം ദൂരമുള്ള മംഗലാപുരത്തെയാണ് ഉപരിപഠനത്തിന് ആശ്രയിക്കുന്നതെന്ന് നമുക്കറിയാം. പാസ്പോർട്ട് വെരിഫിക്കേഷന് എത്തുന്ന ഉദ്യോഗസ്ഥന്മാരോട് വീട്ടിലുള്ള അച്ഛനോ അമ്മയോ മകൻ മംഗലാപുരത്ത് പഠിക്കാൻ പോയിരിക്കുന്നു എന്നുപറഞ്ഞാൽ ഉദ്യോഗസ്ഥന്റെ വിവിക്ഷ ആ കുട്ടി അങ്ങനെയുള്ള

വിലാസത്തിൽ താമസിക്കുന്നില്ല എന്നതാണ്. രാവിലെ മംഗലാപുരത്തു പോയി വൈകുന്നേരം സ്വന്തം വീട്ടിലെത്തുന്ന ഒരാളെക്കുറിച്ചാണ് ഇത് പറയുന്നത്. നമ്മുടെ യുവാക്കൾ ഒരു ജില്ലയിൽനിന്ന് മറ്റൊരു ജില്ലയിലും ഒരു നഗരത്തിൽനിന്ന് മറ്റൊരു നഗരത്തിലും ജോലി ചെയ്യുന്നവരാണെന്ന് നമുക്കറിയാം. അത്തരക്കാരെയും പാസ്‌പോർട്ട് വെരിഫിക്കേഷൻ നടത്തുന്ന ഉദ്യോഗസ്ഥർ കണ്ണീർ കുടിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത് മുമ്പ് സ്പെഷ്യൽ ബ്രാഞ്ചിലെ ഉദ്യോഗസ്ഥന്മാരായിരുന്നു പാസ്‌പോർട്ട് വെരിഫിക്കേഷൻ നടത്തിയിരുന്നത്. ഇപ്പോൾ വെരിഫിക്കേഷൻ പോലീസ് സ്റ്റേഷനിലെ എസ്.ഐ.-യെ ഏൽപ്പിച്ചു. എസ്.ഐ. സ്റ്റേഷനിലെ ഏതെങ്കിലും പോലീസുകാരനെ ഏൽപ്പിക്കുകയും ചെയ്യും. ഏത് പോലീസ് സ്റ്റേഷനിലാണെങ്കിലും മറ്റ് കേസ്സുകൾ അന്വേഷിക്കുന്ന തിരക്കിൽ ആ പോലീസുകാരന് വെരിഫിക്കേഷൻ ഫയൽ തൊടാൻപോലും സമയമുണ്ടാകുകയില്ല. ഈ അവസരത്തിലാണ് പ്രിയപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പ് ഏറ്റെടുത്തതിനുശേഷം റിപ്പബ്ലിക് ദിനത്തിൽ ആദ്യമായി കാസർഗോഡ് എത്തിയപ്പോൾ നടത്തിയ പ്രഖ്യാപനത്തെ ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നത്. അദ്ദേഹം പറഞ്ഞത് കുറ്റാന്വേഷണത്തിനും ക്രമസമാധാനത്തിനും പോലീസിനെ രണ്ടായി വിഭജിക്കുമെന്നും ഇതിനുള്ള തുടക്കം കുറിക്കുന്നത് കാസർഗോഡ് ആയിരിക്കുമെന്നുമാണ്. നാടിന്റെ നെഞ്ചിടിപ്പ് അറിയാവുന്ന സാധാരണക്കാരന്റെ പ്രശ്നങ്ങളുമായി താദാത്മ്യം പ്രകടിപ്പിക്കുവാൻ അനിതരസാധാരണമായ അഭിനിവേശം കാട്ടുന്ന അങ്ങയോട് എനിക്കുള്ള വിനീതമായ അഭ്യർത്ഥന പാസ്‌പോർട്ട് വെരിഫിക്കേഷനും ഒരു പ്രത്യേക വിഭാഗത്തെ ഏൽപ്പിക്കണമെന്നും ഒരു കാരണവുമി

ല്ലാതെ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയും പാര പണിയുന്നവരും പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടാതിരിക്കാൻ ശ്രദ്ധിക്കണമെന്നുമാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പാസ്പോർട്ട് ഓഫീസിൽനിന്നും ജില്ലാ പോലീസിന് അയച്ചുകിട്ടുന്ന അപേക്ഷകൾ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ പതിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.-മാർക്ക് അയച്ച് വെരിഫിക്കേഷൻ നടത്തിയതിനുശേഷം ഡാറ്റാ എൻട്രി തുടങ്ങിയ നടപടികൾ പൂർത്തിയാക്കി ഓൺലൈൻ വഴിയും കൂടാതെ അതിന്റെ ഹാർഡ് കോപ്പി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി. ഒപ്പിട്ട് ബണ്ടിലുകളായി തപാലിലും പാസ്പോർട്ട് ഓഫീസിലേക്കും അയയ്ക്കുകയാണ് ചെയ്തുവരുന്നത്. ഈ നടപടിയൊടൊപ്പം അപേക്ഷയുടെ ഒരു പകർപ്പ് ഡി.സി.ആർ.ബി.-യിൽ അയച്ച് അപേക്ഷകൻ ഏതെങ്കിലും കേസ്സിൽപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്. പാസ്സ്പോർട്ട് അപേക്ഷയിലെ മൂന്നാം കോളത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതു പ്രകാരം ഏറ്റവും ഒടുവിലെ ഒരുവർഷക്കാലം അപേക്ഷകർ താമസിച്ചിരുന്ന വിലാസം രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിന് ഉപോത്ബലകമായ രേഖകളും ഹാജരാക്കേണ്ടതായിട്ടുണ്ട്. അപേക്ഷകൻ അപേക്ഷയോടൊപ്പം ഹാജരാക്കുന്ന ഫോട്ടോയിലെ വ്യക്തിയെ തിരിച്ചറിഞ്ഞ് മേൽവിലാസം ശരിയാണെന്ന് ഉറപ്പാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. ജോലി സംബന്ധമായോ മറ്റോ താമസ സ്ഥലത്തുനിന്ന് പുറത്തു പോയിരിക്കുന്ന വേളയിൽ പാസ്പോർട്ട് അപേക്ഷകരെ ഫോൺ മുഖാന്തിരം

ബന്ധപ്പെടുകയും അവർ എവിടെയാണെന്ന് മനസ്സിലാക്കി വിശദമായ അന്വേഷണം നടത്തിയതിനുശേഷം മാത്രം പാസ്പോർട്ടിന് അർഹനാണെങ്കിൽ നേരിൽ കാണാൻ പറ്റിയില്ല എന്ന് നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തി ശുപാർശ ചെയ്ത് കാലതാമസം വരുത്താതെ റിപ്പോർട്ട് സമർപ്പിച്ചുവരുന്നുണ്ട്. കേരള സ്റ്റേറ്റ് റൈറ്റ് ടു സർവ്വീസസ് ആക്ട്– 2012 പ്രകാരം പാസ്പോർട്ടിനുള്ള അപേക്ഷകൾ 21 ദിവസത്തിനകം വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ 21 ദിവസത്തിനകം പാസ്പോർട്ട് അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുക എന്നത് പുതിയ നിയമപ്രകാരമുള്ള ബാധ്യതയാണ്. ഇതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടായാൽ ജില്ലാ പോലീസ് അധികാരികൾക്ക് അപ്പീൽ നൽകാവുന്നതാണ്. ശരിയായ രീതിയിൽ വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിക്കുന്ന അപേക്ഷകളിൽ പോലീസ് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മനപ്പൂർവ്വമായ കാലതാമസം വരുത്താറില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ എൻ.എ. നെല്ലിക്കുന്ന് ചൂണ്ടിക്കാണിച്ച പോലെ കാസർകോഡ് ജില്ലയിൽ കേസ്സുകളുമായി ബന്ധപ്പെട്ട ഡിലേ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലൊട്ടാകെ ക്രമസമാധാനവും കുറ്റാന്വേഷണവും രണ്ടായി വിഭജിച്ച് കാര്യക്ഷമമായി നടത്തണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ആദ്യത്തെ പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയിലാണ് കാസർകോഡ് ജില്ലയെ തെരഞ്ഞെടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ക്രമസമാധാനപാലനവും കുറ്റാന്വേഷണവും രണ്ടായി തിരിച്ച് അതിനാവശ്യമായ പോലീസ്

സംവിധാനമേർപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കാസർകോഡ് ജില്ലയിൽ ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന പാസ്പോർട്ട് അപേക്ഷകളിന്മേൽ വേഗത്തിൽ തീരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതായാലും മനപ്പൂർവ്വമായ കാലതാമസം ഇക്കാര്യത്തിൽ ഉണ്ടാകാതിരിക്കുന്നതിനുള്ള ശ്രദ്ധ ഗവൺമെന്റ് കാണിക്കുന്നതാണ്. മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം ഗവൺമെന്റ് ഗൗരവത്തോടുകൂടി കണക്കിലെടുക്കുന്നതാണ്.

<u>സോഷ്യൽ മീഡിയയിലൂടെയുള്ള സ്വഭാവഹത്യ</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഫേസ് ബുക്കുൾപ്പെടെയുള്ള സോഷ്യൽ മീഡിയയിലൂടെ അപകീർത്തികരമായ പ്രസ്ഥാവനകൾ നടത്തുന്നത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. അശ്ലീലച്ചുവയുള്ളതും വ്യക്തിഹത്യ നടത്തുന്നതുമായ രീതിയിലുള്ള പ്രസ്ഥാവനകൾ നടത്തുന്നവരെല്ലാം അന്വേഷണത്തിലെ സാങ്കേതിക തടസ്സങ്ങൾമൂലം ഇപ്പോൾ രക്ഷപ്പെടുകയാണ് ഇത് വളരെ ഖേദകരമാണ്. സ്ത്രീകളുൾപ്പെടെയുള്ളവരെ ഏറ്റവും എളുപ്പത്തിലും ചെലവില്ലാതെയും അവഹേളിക്കുന്നതിനുള്ള മാർഗ്ഗമായി ഫേസ്ബുക്കും ടിറ്ററും ഉൾപ്പെടെയുള്ള സോഷ്യൽ നെറ്റ്വർക്ക് മീഡിയകളെ ചിലർ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഈ സോഷ്യൽ മീഡിയയിലൂടെ അധിക്ഷേപിക്കുന്നവർക്കെതിരെ അന്വേഷണം നടത്തുന്നതിൽ കാലതമാസം എടുക്കുന്നതും ഇവർക്കെതിരെ ശകത്മായ നടപടി സ്വീകരിക്കാതിരിക്കുന്നതും സ്ത്രീകളുൾപ്പെടെയുള്ള പരാതിക്കാർക്ക് തിരിച്ചടിയായിക്കൊണ്ടിരിക്കുകയാണ്. ഫേസ്ബുക്കിലൂടെ യുവാവ് മോശം പരാമർശം സ്ഥിരമായി നടത്തിയതിനെത്തുടർന്ന് കഴിഞ്ഞ ദിവസം ഒരു യുവതി കൊച്ചിയിൽ

ആത്മഹത്യ നടത്തിയത് ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. ഒരു മഹിളാ സംഘടനയുടെ സംസ്ഥാന നേതാവിനെ വ്യക്തിഹത്യ ചെയ്തതിന് പരാതി കൊടുത്തിട്ട് ഒരുവർഷം കഴിഞ്ഞെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തിരുവനന്തപുരത്തെ ഒരു പ്രമുഖ ദൃശ്യ-മാധ്യമ പ്രവർത്തകയെ, അവർ ചെയ്തുകൊണ്ടിരിക്കുന്ന ടി.വി. പ്രോഗ്രാമിൽ അസഹിഷ്ണുത കാണിച്ചുകൊണ്ട് ഫേസ്ബുക്കിലൂടെ നിരന്തരം അവഹേളിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ പരാതി കൊടുത്തിട്ടും യാതൊരു നടപടിയും സ്വികരിച്ചിട്ടീല്ല. പ്രതികരണശേഷിയുള്ള സ്ത്രീകളെ എളുപ്പത്തിൽ അപമാനിക്കാനുള്ള മാർഗ്ഗമായി ഒരു വിഭാഗം ആളുകൾ ഫേസ്ബുക്കിനെ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം ഏകദേശം ആയിരത്തോളം സൈബർ കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. നിലവിലെ അന്വേഷണത്തിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കാവുന്നതാണ് എങ്കിലും സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ഏറ്റവും എളുപ്പത്തിൽ നടപടി സ്വീകരിക്കുകയും കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവരെ മാതൃകകാപരമായി ശിക്ഷിക്കുകയും ചെയ്താൽ മാത്രമേ സോഷ്യൽ നെറ്റ്‍വർക്ക് സൈറ്റുകളെ ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് സൈബർ കുറ്റത്തിന് പരാതി ലഭിച്ചാലുടൻതന്നെ നടപടി സ്വീകരിച്ച് അവരെ ശിക്ഷിക്കുവാനുള്ള നടപടിയെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവ

സ്വഭാവമുള്ള ഒരു കാര്യമാണ്. ചിറ്റൂർ മെട്രോ പാരഡൈസ് ഫ്ളാറ്റിൽ എഫ് –27–ൽ തമാസിക്കുന്ന വിനുക്കുട്ടന്റെ ഭാര്യ വിജിതയെ (27) അപമാനിക്കണമെന്ന ഉദ്ദേശത്തോടുകൂടി വിജിതയുടെ ബന്ധുവായ രതീഷ് മോഹൻ, വിജിതയുടെ ഭർത്താവ് വിനുക്കുട്ടന്റെ സുഹൃത്തായ ശരത് എന്നയാളുടെ ഫേസ്ബുക്ക് പ്രൊഫൈലിൽ മെസ്സേജുകൾ പോസ്റ്റ് ചെയ്തു എന്നാരോപിച്ച് വിജിത 23–12–2013–ന് ചേരാനല്ലൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. വിജിതയുടെ പരാതി സ്റ്റേഷനിൽ ലഭിച്ചയുടൻതന്നെ ശരത്തിന്റെ ഫേസ് ബുക്ക് പ്രൊഫൈൽ വിശദമായി പരിശോധിച്ചതിൽ അപ്രകാരമുള്ള പോസ്റ്റിംഗുകളൊന്നും കാണാൻ കഴിഞ്ഞില്ല. എന്നിരുന്നാലും ഇരുകൂട്ടരേയും സ്റ്റേഷനിൽ വിളിപ്പിച്ച് മേലിൽ പ്രശ്നങ്ങളൊന്നും ഉണ്ടാകരുതെന്ന് നിർദ്ദേശിക്കുകയും ഇരുകൂട്ടരും പ്രശ്നങ്ങളൊന്നും ഉണ്ടാകില്ല എന്ന ഉറപ്പിൽ പിരിഞ്ഞുപോകുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ വിജിത ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി ക്രിമിനൽ എം.സി, നമ്പർ 584/14 തീയതി 17–01–2014 പ്രകാരം ചേരാനല്ലൂർ എസ്.ഐ –യോട് റിപ്പോർട്ട് ആവശ്യപ്പെടുകയും വിജിതയുടെ പരാതി സംബന്ധിച്ച് പ്രാഥമികാന്വേഷണം നടത്തിയതിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് തക്കതായ തെളിവുകളില്ലെന്ന് ചേരാനല്ലൂർ എസ്.ഐ ബഹുമാനപ്പെട്ട കോടതി മുമ്പാകെ 21–01–2014–ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. എന്നാൽ 26–01–2014 രാത്രി 8 –നും 8.10–നുമിടയിൽ വിജിത കുടുംബമായി താമസിച്ച ചിറ്റൂർ മെട്രോ പാരഡൈസ് ഫ്ളാറ്റിൽ സീലിംഗ് ഫാനിൽ കെട്ടിത്തൂങ്ങി മരിച്ചതായി

കാണപ്പെട്ടു. അതിലേക്ക് ചേരാനല്ലൂർ പോലീസ് സറ്റേഷനിൽ CrPC 174-ാം വകുപ്പുപ്രകാരം ഒരു ക്രൈം 47/2014- ആയി കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ പൂർത്തിയാക്കി പോസ്റ്റുമോർട്ടത്തിനുശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. വിജിതയുടെ പരാതിയിൽ ചേരാനല്ലൂർ എസ്.ഐ. യഥാവിധം നടപടി സ്വീകരിച്ചില്ലെന്നുള്ള ആരോപണമുണ്ടായ പശ്ചാത്തലത്തിൽ എറണാകുളം സിറ്റി പോലീസ് കമ്മീഷണറെ എച്ച്.1- 4863/214/ഇ. സി., തീയതി 28-01-2014 ഉത്തരവുപ്രകാരം ചേരാനല്ലൂർ എസ്.ഐ. വിദ്യാധരകുമാറിനെ 28-01-2014-ൽ അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റായ ഫേസ് ബുക്ക്പോലെയുള്ള സൈറ്റുകളിൽ മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പോസ്റ്റിംഗുകളെക്കുറിച്ച് വ്യാപകമായ പരാതികൾ പോലീസിന് ലഭിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ അന്വേഷണം നടത്തി ഐ.റ്റി. ആക്ട് 2000 പ്രകാരവും അതിനോടനുബന്ധിച്ചുവരുന്ന ഐ.പി.സി. സെക്ഷനുകൾ പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫേസ് ബുക്ക് വഴി വ്യക്തികളെ അപമാനപ്പെടുത്തുന്ന തരത്തിലുള്ള മെസ്സേജുകൾ പോസ്റ്റ് ചെയ്തതിന് കേരളത്തിലാകമാനം 2013-ൽ 154 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ 32 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനുള്ള നടപടികൾ വളരെ ഗൗരവത്തോടുകൂടി നമ്മുടെ രാജ്യത്തൊട്ടാകെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. കേന്ദ്ര ഗവൺമെന്റുതന്നെ ഇതുമായി ബന്ധപ്പെട്ട ചില നിയമനടപടികളെക്കുറിച്ച് ആലോചിക്കുന്നതായിട്ടാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ഏതായാലും ഇതിനുവേണ്ടി സൈബർ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ മാസംതന്നെ അവരുടെ യോഗം വിളിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട മെമ്പർ സജീന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ചു, ഒരു ടി.വി. അവതാരിക, കവർ സ്റ്റോറിയിൽ സിന്ധു സൂര്യകുമാറിനെ സംബന്ധിച്ചാണ് പരാമർശം നടത്തിയത്. അത് ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ മ്യൂസിയം പോലീസ് കേസ്സെടുക്കുകയും സൈബർ സെല്ലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് അത്തരം കാര്യങ്ങളിൽ വളരെ ഗൗരവത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൈബർ സെല്ലിന്റെ പ്രവർത്തനം ശക്തമാക്കുക എന്നുള്ളതാണ് ഇതിനകത്തുള്ള ഏകമാർഗ്ഗം. അതിനാവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

## മോഹനന്റെ ദുരൂഹമരണം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, എന്റെ മണ്ഡലത്തിലെ പൊന്നാനിയിലെ ചങ്ങരംകുളം പോലീസ് സ്റ്റേഷനിലെ ഭീകരമായ മർദ്ദനത്തെ തുടർന്ന് കുറ്റിപ്പാല അമ്പലവളപ്പിൽ മോഹനൻ മരണമടഞ്ഞ സംഭവമുണ്ടായിരിക്കുകയാണ്. മോഹനൻ, അമ്മിണി എന്ന പാവപ്പെട്ട സ്ത്രീയുടെ ഏക മകനാണ്. മോഹനന്റെ സഹോദരീ ഭർത്താവ് ബാബുവും അയൽ വീട്ടുകാരനുമായി ചെറിയൊരു തർക്കമുണ്ടായി. ഈ അയൽവീട്ടുകാരൻ നിരവധി കേസ്സുകളിൽ പ്രതിയായ ക്രിമിനൽ സ്വഭാവമുള്ള ഒരാളാണ്. ആ കേസ്സ് പറഞ്ഞുതീർക്കുന്നതിനുവേണ്ടി കുഞ്ഞാപ്പുകുട്ടിയുടെ വീട്ടിൽ എത്തിയ മോഹനനെതിരെ ടെലിഫോണിൽ ലഭിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് വന്ന് പിടിച്ചുകൊണ്ടുപോയി ഭീകരമായി മർദ്ദിക്കുകയാ

ണുണ്ടായത്. നിരവധി ക്രിമിനൽ കേസ്സുകളിൽ പ്രതിയായ ഒരാളെ തൃപ്തിപ്പെടുത്താൻവേണ്ടിയാണ് പോലീസ് ഈ ഭീകരമായ മർദ്ദനം നടത്തിയത്. തുടർന്ന് ശുകപുരം ഹേസ്പിറ്റലിൽ പ്രവേശിപ്പിച്ചു. തലച്ചോറിന് ക്ഷതമേറ്റു, തലച്ചോറിലേക്കുള്ള രക്തയോട്ടം നിലച്ചു. തുടർന്ന് ഇ.എം.എസ്. മെമ്മോറിയൽ ഹോസ്പിറ്റലിലേക്ക് റഫർ ചെയ്തു. അദ്ദേഹം മരണമടഞ്ഞിരിക്കുകയാണ്. ഇത്തരം കേസ്സുകൾ വ്യാപകമായി വരുന്ന ഒര വസ്ഥ പൊന്നാനിയിലും പരിസരപ്രദേശങ്ങളിലുമുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളിൽ ക്രിമനലുകൾക്കുവേണ്ടിയും അവരെ തൃപ്പതിപ്പെടുത്താനു മായി പോലീസ് നടത്തുന്ന നീചമായ കള്ളക്കളികളും നാരനായാട്ടും എല്ലാ അതിർത്തിയും ലംഘിച്ചരിക്കുകയാണ്. ഇതിനെതിരായി പ്രതികരിച്ചവരെ ഇന്നലെ രാത്രി നടുവട്ടത്തുവച്ച് ഭീകരമായി ലാത്തിച്ചാർജ്ജ് നടത്തി. എട പ്പാളിൽ ഒരു ലോഡ്ജ് ഉടമ കൊലചെയ്യപ്പെട്ടു. അവിടെവച്ചുതന്നെ ആ കേസ്സ് തീർപ്പാക്കാൻ പോലീസ് ശ്രമിച്ചതിന്റെ ഭാഗമായി ജനങ്ങളുമായി പ്രശ്നങ്ങളുണ്ടായി. പിന്നീട് എസ്.പി. സ്ഥലത്തെത്തിയാണ് പ്രശ്നം പരിഹരിച്ചത്. ഒടുവിൽ പോലീസ് അന്വേഷണം പൂർത്തീകരിച്ചപ്പോൾ ജനങ്ങളുന്നയിക്കുന്ന ആരോപണങ്ങളെല്ലാം ശരിയാണെന്ന് തെളിയുന്ന അനുഭവമുണ്ടായി. വന്നേരി സ്റ്റേഷനിൽനിന്നും പീഡനക്കേസ്സിലെ ഒരു പ്രതി രാത്രി ഓടിപ്പോകുന്ന സ്ഥിതിയുണ്ടായി. എസ്.ഡി.പി.ഐ. പോലെയുള്ള വർഗ്ഗീയ തീവ്രവാദ സംഘടനകളുമായി സംഘർഷം നടക്കുമ്പോൾ ആ സംഘർഷത്തിലെ പ്രതികളെ സഹായിക്കുന്ന ഒരു സമീപനം പോലീസ് സ്വീകരിക്കുകയാണ്. തീരദേശത്തെ അക്രമികളുടേയും ക്രിമിനലുകളു ടേയും കളിക്കൂട്ടുകാരായി പോലീസുദ്യോഗസ്ഥർ മാറുകയാണ്. വർഗ്ഗീയ സംഘർഷമുണ്ടാക്കാൻ ശ്രമിച്ചപ്പോൾ ഇടപെടാനെന്ന വ്യാജേന വന്ന

പോലീസ് വർഗ്ഗീയ വാദികളിൽനിന്നും വിടപറഞ്ഞ ബാബു എം. എണ്ണായി എന്ന ചെറുപ്പക്കാരനെ കൊണ്ടുപോയി അതിഭീകരമായി മർദ്ദിച്ച് അബോധാവസ്ഥയിലാക്കിയസംഭവം പൊന്നാനി പോലീസ് സ്റ്റേഷനിൽ നടന്നതിനെക്കുറിച്ചുള്ള പരാതി ഞാൻ അങ്ങേയ്ക്ക് സമർപ്പിച്ചിരുന്നു. തീരദേശത്ത് ജാഗ്രത പാലിക്കേണ്ട പോലീസ് ക്രിമിനലുകളുമായി അതീവ ബാന്ധവം തുടരുന്നത് ചോദിക്കാനും പറയാനും ആളില്ലാത്ത സ്ഥിതി വന്നതുകൊണ്ടാണ്. ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ നടന്നിട്ടുള്ള ഈ നീചമായ മർദ്ദനത്തിന്റേയും മരണത്തിന്റേയും ഉത്തരവാദികളെ സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ സർക്കാർ നിലപാട് സ്വീകരിക്കണം. ഏകമകൻ നഷ്ടപ്പെട്ട സ്ത്രീയുടെ കുടുംബത്തിനുണ്ടായ ഈ അനാഥത്വത്തിന് ആശ്വാസ സഹായം നൽകാൻ സർക്കാർ തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ചങ്ങരംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ കുറ്റിപ്പാല എന്ന സ്ഥലത്ത് താമസിക്കുന്ന ബാബു, അയൽവാസിയായ കുഞ്ഞാപ്പുകുട്ടിയെ വീട്ടിൽ കയറി ദേഹോപദ്രവം ഏൽപ്പിച്ചൂവെന്ന് കാണിച്ച് കുഞ്ഞാപ്പുകുട്ടിയുടെ ഭാര്യ ഫാത്തിമ, 26-01-2014 ഉച്ചയ്ക്ക് ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. ആ പരാതിയെപ്പറ്റി അന്വേഷിക്കാൻ ഒരു സി.പി.ഒ. (സിവിൽ പോലീസ് ഓഫീസർ)–യെ ചുമതലപ്പെടുത്തിയിരിക്കെ, അന്നേ ദിവസം വൈകുന്നേരം കുഞ്ഞാപ്പുകുട്ടിയുടെ ഭാര്യ എസ്.ഐ.യെ വിളിച്ച് അയൽവാസിയായ ബാബു വീണ്ടും ഇവരുടെ വീട്ടിലെത്തി ശല്യമു

ണ്ടാക്കുന്നുവെന്ന് അറിയിച്ചു. ഉടൻതന്നെ പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഗ്രേഡ് എസ്.ഐ. ചന്ദ്രശേഖരനെ കുഞ്ഞാപ്പുകുട്ടിയുടെ വീട്ടിൽച്ചെന്ന് അന്വേഷിക്കാൻ നിർദ്ദേശിച്ചു. ഗ്രേഡ് എസ്.ഐ.-യും പാർട്ടിയും അവിടെ എത്തിയപ്പോൾ സ്ത്രീയെ ശല്യം ചെയ്തവരെ കാണാത്തതിനാൽ വീട്ടുകാർക്ക് ഫോൺ നമ്പർ നൽകി തിരിച്ചുപോയി. തൊട്ടുപിന്നാലെ ഈ സ്ത്രീ തന്നെ ഗ്രേഡ് എസ്.ഐ. ചന്ദ്രശേഖരനെ വിളിച്ച് ബാബുവും ബാബുവിന്റെ അളിയൻ മോഹനനും ഇവരുടെ വീട്ടിലെത്തി പോലീസിന് നൽകിയ പരാതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും ശല്യം ചെയ്യുന്നതായി അറിയിച്ചു. ഗ്രേഡ് എസ്.ഐ.-യും പാർട്ടിയും വീണ്ടും ഇവരുടെ വീട്ടിലെത്തിയപ്പോൾ ശല്യക്കാർ റോഡിൽ എത്തിയതറിഞ്ഞ് അന്വേഷണത്തിൽ മോഹനൻ കുറ്റിപ്പാല, തീപ്പെട്ടി കമ്പനി റോഡിൽ നിൽക്കുന്നതായി കണ്ട്, ഇയാളെ ജീപ്പിൽ കയറ്റാൻ ശ്രമിച്ചു. ഈ സമയം മോഹനന്റെ സുഹൃത്തക്കളായ മണി, പ്രകാശൻ എന്നിവർ ചേർന്ന് പോലീസിനെ അതിൽനിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ഈ മൂന്ന് പേരേയും പോലീസ് വാഹനത്തിൽ കയറ്റുകയും മോഹനൻ നന്നായി മദ്യപിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയതിനാൽ ശുകപുരം സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോയി മെഡിക്കൽ പരിശോധന നടത്തിയതിനുശേഷം മൂന്നുപേരെയും സ്റ്റേഷനിലെത്തിക്കുകയും മോഹനനെ പ്രതിയാക്കി കേരള പോലീസ് ആക്ട് 118(എ) – പൊതുസ്ഥലത്ത് ലഹരിക്ക് അടിമപ്പെട്ട നിലയിലോ, ലഹളയുണ്ടാക്കുന്നവനായോ കാണപ്പെടുക എന്ന വകുപ്പ് പ്രകാരം ക്രൈം 110/14 ആയി കേസ് രജിസ്റ്റർ ചെയ്യുകയും മോഹനന്റെ സുഹൃത്തുക്കൾക്ക് ഐ.പി.സി.–290 പ്രകാരം പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുക എന്നപേരിൽ പെറ്റികേസ്

നൽകുകയും ചെയ്തു. മോഹനന്റെ മെഡിക്കൽ റിപ്പോർട്ടിൽ ശ്വാസത്തിൽ മദ്യത്തിന്റെ ഗന്ധമുണ്ടായിരുന്നതായി 'smell of Alcohol in breath' എന്ന് ഡോക്ടർ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് രാത്രി 9.45 മണിയോടുകൂടി മോഹനനെ രാമചന്ദ്രൻ, ബാലകൃഷ്ണൻ എന്നീ ജാമ്യക്കാരോടൊപ്പം പോലീസ് സ്റ്റേഷനിൽ നിന്നും വിട്ടയച്ചു. പെറ്റി കേസ് പ്രതികളായ രണ്ടു പേരും മോഹനനോടൊപ്പം സ്റ്റേഷൻ വിട്ട് പോയി. 27-01-2014–ന് പുലർച്ചെ 4.30 മണിയോടുകൂടി വീട്ടിൽ വച്ച് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട മോഹനനെ ബന്ധുക്കൾ ശുകപുരം ആശുപത്രിയിലും തുടർന്ന് ഡോക്ടറുടെ നിർദ്ദേശപ്രകാരം കൂടുതൽ സൗകര്യമുള്ള പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയിലേയ്ക്കും കൊണ്ടുപോയി. അവിടെ ചികിത്സയിലിരിക്കെ 28-01–2014 രാത്രി 7 മണിയോടുകൂടി മോഹനൻ മരണപ്പെട്ടു. മോഹനന്റെ മൃതദേഹം പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയിൽ സൂക്ഷിച്ചുവരുന്നു. മോഹനനും അളിയൻ ബാബുവും ചേർന്ന് 26-01-2014–ൽ വൈകുന്നേരം 4 മണിയോടുകൂടി കുഞ്ഞാപ്പുകുട്ടിയുടെ വീട്ടിൽ പോയി കുഞ്ഞാപ്പുകുട്ടിയേയും ഭാര്യ ഫാത്തിമയേയും ദേഹോപദ്രവം ഏൽപ്പിച്ചതിന് ഫാത്തിമയുടെ പരാതി പ്രകാരം ഇരുവരേയും പ്രതികളാക്കി 27-01-2014-ന് ഉച്ചയ്ക്ക് ഒരു മണിക്ക് ഇന്ത്യൻ ശിക്ഷാ നിയമം 452, 323, 354, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 111/14 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഈ സംഭവം അറിഞ്ഞപ്പോൾത്തന്നെ ഞാൻ തൃശ്ശൂർ റേഞ്ച് ഐ.ജി. ശ്രീ. ഗോപിനാഥനോട് സ്ഥലം സന്ദർശിക്കുവാനും ഇതുസംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാനും പറഞ്ഞിട്ടുണ്ട്. അതു

പോലെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ച കോസ്റ്റൽ മേഖലയിലുള്ള പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി എടുക്കും. അതിൽ കുറ്റവാളികളുമായി ബന്ധപ്പെട്ട് പോലീസ് പ്രവർത്തിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അത് നിരീക്ഷിക്കാൻ സ്പെഷ്യൽ ബ്രാഞ്ചിന് സംവിധാനങ്ങളുണ്ട്. ക്രിമിനലുകളുമായി ഹാന്റ് ഇൻ ഗ്ലൗ ആയി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരെ നിരീക്ഷിക്കുകയും അത്തരക്കാരുണ്ടെങ്കിൽ അവരെ കണ്ടുപിടിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. അത് ശക്തിപ്പെടുത്താനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: യഥാർത്ഥത്തിൽ മോഹനന് ഭീകരമായ മർദ്ദനമേറ്റ് തലച്ചോറിലേയ്ക്കുള്ള രക്തസ്രാവം നിലച്ചതിന്റെ ഭാഗമായി രാത്രിയിൽത്തന്നെ ആശുപത്രിയിൽ എത്തിച്ചു. എന്നാൽ അദ്ദേഹം മരണപ്പെടുകയാണുണ്ടായത്. അതുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണം.

ശ്രീ. രമേശ് ചെന്നിത്തല: സംഭവം നടന്ന സ്ഥലം തൃശ്ശൂർ റേഞ്ച് ഐ.ജി. സന്ദർശിക്കുന്നുണ്ട്. അദ്ദേഹം ഇപ്പോൾത്തന്നെ അവിടെ എത്തിയിട്ടുമുണ്ട്. ഇതുസംബന്ധിച്ച് അദ്ദേഹം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ആ റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിശോധിക്കാം.

**കർഷക തൊഴിലാളി പെൻഷൻ**

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ദുർബ്ബല ജനവിഭാഗങ്ങൾക്ക്, കർഷകത്തൊഴിലാളി ഉൾപ്പെടെയുള്ളവർക്ക് സർക്കാർ പെൻഷൻ കൊടുക്കുന്നുണ്ട്. ഇപ്പോൾ കേന്ദ്ര സർക്കാർ ഇത്തരം ക്ഷേമപെൻഷനുകൾ അർഹതപ്പെട്ടവരുടെ വരുമാനപരിധി മൂന്ന് ലക്ഷം രൂപ

വരെയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും കർഷക തൊഴിലാളികൾക്ക് പെൻഷന് അർഹത ലഭിക്കണമെങ്കിൽ 12,000 രൂപ എന്ന് നിജപ്പെടുത്തിയിരിക്കുകയാണ്. ഇതുകൊണ്ട് അർഹതപ്പെട്ടിട്ടുള്ള ധാരാളം പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭ്യമാകാത്തൊരു സ്ഥിതിയുണ്ട്. ഇപ്പോൾ ഈ വർഷം മുതൽ കർഷകത്തൊഴിലാളി പെൻഷൻ 100 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. അവർക്ക് പ്രതിമാസം ആയിരം രൂപയെങ്കിലും പെൻഷൻ കൊടുക്കേണ്ടതാണ്. അവരുടെ വരുമാനപരിധി ഉയർത്തുന്നതിനാവശ്യമായ അടിയന്തര നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം ഗവൺമെന്റ് അനുഭാവപൂർവ്വമായാണ് പരിഗണിക്കുന്നത്. 1998-ലാണ് - എനിക്ക് ലഭിച്ച വിവരമനുസരിച്ച്, 11,000 രൂപ വരുമാനപരിധിയായി നിശ്ചയിച്ചത്. അതിൽ ഒരു പ്രത്യേകത കൂടിയുണ്ട്. കുടുംബവരുമാനം എന്നുള്ള നിലയിലേയ്ക്കാണ് അത് നിശ്ചയിച്ചിട്ടുള്ളത്. 2014 ആയപ്പോൾ അത് അപര്യാപ്തമാണെന്നുള്ളത് ഗവൺമെന്റിനും അഭിപ്രായമുണ്ട്. എങ്കിലും ഇപ്പോൾത്തന്നെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അഞ്ചര ലക്ഷം പെൻഷനേഴ്സ് ഉണ്ട്. എന്നാലും അർഹതപ്പെട്ട പലരും ഈ ഒരു കാര്യം കൊണ്ട് പുറത്തുപോകുന്നുമുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് രണ്ട് വിഷയമാണ് പരിഗണിച്ചുകൊണ്ടിരിക്കുന്നത്. ഒന്ന്, കുടുംബവരുമാനപരിധി എത്രത്തോളം

വർദ്ധിപ്പിക്കാം എന്നുള്ളത് അല്ലെങ്കിൽ രണ്ട്, കുടുംബ വരുമാനപരിധി എന്നുള്ളത് എടുത്തുമാറ്റി, ആ വ്യക്തിയുടെ വരുമാനം മാത്രം പരിഗണിച്ചുകൊണ്ട് പെൻഷൻ കൊടുക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഇത് മറ്റ് ക്ഷേമനിധി ബോർഡിൽ നിന്നും വ്യത്യസ്തമായി, ഈ സ്കീം പൂർണ്ണമായി ഗവൺമെന്റ് പെൻഷൻ കൊടുക്കുന്ന ഒരു സ്കീം ആയതുകൊണ്ടുതന്നെ ഗവൺമെന്റിന്റെ സമാനമായ ബാക്കി പെൻഷൻ സ്കീമുകൾകൂടി പരിശോധിച്ച് ഒരു ഏകീകരിച്ച സ്വഭാവം കൊണ്ടുവരാൻ ശ്രമിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആവശ്യത്തിനോട് തത്വത്തിൽ ഗവൺമെന്റ് യോജിക്കുന്നുവെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

## വൈദ്യുതി ലഭ്യമാക്കൽ

ശ്രീ. കെ. രാജു: സർ, കൊല്ലം ജില്ലയിൽ, എന്റെ മണ്ഡലമായ പുനലൂർ, കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിലെ റോസ്മല, വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു ഗ്രാമമാണ്. ആ പഞ്ചായത്തിൽ 450-ലധികം കുടുംബങ്ങൾ താമസിച്ചുവരുന്നു. കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഒരു പഞ്ചായത്ത് വാർഡാണ് റോസ്മല എന്ന് പറയുന്ന ഗ്രാമം. വളരെ മനോഹരവും പ്രകൃതിരമണീയവുമായ ഈ ഗ്രാമത്തിൽ, വൈദ്യുതി എത്തിക്കുകയെന്ന ശ്രമത്തിന് ഏറെ നാളത്തെ പഴക്കമുണ്ട്. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഗ്രാമത്തിൽ വൈദ്യുതി എത്തിക്കുന്നതിന് എസ്റ്റിമേറ്റും മറ്റും തയ്യാറാക്കുകയുണ്ടായി. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റ് തുക അപര്യാപ്തമായതിനാൽ പ്രസ്തുത പ്രവൃത്തി നടക്കുന്നില്ല എന്നാണ് അറിയാൻ സാധിച്ചത്. കേബിൾ സ്ഥാപിക്കാൻ വനം വകുപ്പിന്റെ അനുവാദം ലഭ്യമായില്ല എന്നും അറിയാൻ

സാധിച്ചു. റോസ്മലയിലേയ്ക്ക് നിലവിൽ ബസ് സർവ്വീസ് ഉണ്ട്. ആ ബസ് സർവ്വീസുള്ള റോഡിലൂടെ വൈദ്യുതി ലൈൻ വലിച്ചാൽ വനം വകുപ്പിന് യാതൊരു നഷ്ടവും ഉണ്ടാകുന്നില്ല. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കെ.എസ്.ഇ.ബി. ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി വനം വകുപ്പ് ഉദ്യോഗസ്ഥരടക്കമുള്ളവരുടെ ഒരു കോൺഫറൻസ് വിളിച്ചുചേർത്തുകൊണ്ട് അതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് തയ്യാറാകണം. റൂറൽ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി 3 കോടി രൂപ കൊല്ലം ജില്ലയ്ക്കുവേണ്ടി അനുവദിച്ചുവെന്നാണ് അങ്ങ് മുമ്പ് സഭയിൽ വെളിവാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പഞ്ചായത്തിന്റെ ആവശ്യം സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. കൂടുതൽ തുക അനുവദിച്ചു കിട്ടിയിട്ടുണ്ടോ;. കിട്ടിയിട്ടുണ്ടെങ്കിൽ റോസ്മലയ്ക്കുവേണ്ടി ഒരു പ്രത്യേക പരിഗണന നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട റോസ്മല എന്ന സെറ്റിൽമെന്റ് ഏരിയയിൽ 450 ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവിടേയ്ക്ക് ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റന്റ് ചെയ്യാൻവേണ്ടി രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജനയിലുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഇതിനായി 66.06 ലക്ഷം രൂപ ചെലവുവരും. 8 കിലോമീറ്റർ ദൂരം ലൈൻ വലിക്കേണ്ടത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സ്ഥലത്തുകൂടിയാണ്. പിന്നെ 1.2 കിലോമീറ്റർ

വന്യമൃഗ സംരക്ഷണ ബോർഡിന്റെ കീഴിലുള്ള സ്ഥലമാണ്. റോസ്മലയിൽ താമസിക്കുന്ന 450 കുടുംബങ്ങളിൽ കുറെ ആളുകൾ ആദിവാസികളല്ലാത്തവരാണ്. അതുകൊണ്ട് വന്യമൃഗ സംരക്ഷണ ബോർഡിനുകീഴിലുള്ള സ്ഥലത്തുകൂടി ലൈൻ വലിക്കുന്നതിന് ബോർഡിന്റെ അനുവാദം ആവശ്യമാണ്. 8 കിലോമീറ്റർ ദൂരം വനത്തിൽക്കൂടി ലൈൻ വലിക്കുന്നതിന് തടസ്സമില്ല. വൈൽഡ് ലൈഫ് ഏരിയയിൽകൂടി ലൈൻ വലിക്കുന്നതിന് ബോർഡിന്റെ അനുവാദം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. ഇവിടം കാട്ടാനയും കാട്ടുപോത്തുമൊക്കെ സ്വൈര വിഹാരം നടത്തുന്ന സ്ഥലമായതിനാൽ ലൈൻ ഓവർ ഹെഡായി കൊണ്ടുപോകുന്നത് ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ട് അണ്ടർ ഗ്രൗണ്ട് കേബിളിടുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. അതിനായി കെ.എസ്.ഇ.ബി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 21 ലക്ഷത്തിൽ കൂടുതൽ തുക ഇതിനായി ചെലവാകും. ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ആർ.ഇ.സി. (റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ) ആണ് അത് അനുവദിക്കുന്നത്. അതിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്, അത് ലഭിക്കുമെന്ന പ്രതീക്ഷയിലാണ്. അനുവാദം ലഭിച്ചില്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ റോഡിന്റെ സൈഡിൽക്കൂടി ലൈൻ വലിക്കാൻ കഴിയുമോയെന്നും പരിശോധിക്കുന്നതാണ്.

## <u>110 കെ.വി.ലൈനിന്റെ പുനർനിർമ്മാണം</u>

ശ്രീ. കെ. കെ. നാരായണൻ: സർ, നല്ലളം-വടകര-തലശ്ശേരി വഴി കണ്ണൂർ-മുണ്ടിയാടേയ്ക്ക് പോകുന്ന 110 കെ.വി. ലൈൻ തകർച്ച നേരിടുകയാണ്. 1968 ലാണ് ഈ ലൈൻ കമ്മീഷൻ ചെയ്തത്. ഇപ്പോൾ അതാകെ ദ്രവിച്ച് പൊട്ടിത്തകർന്ന നിലയിലാണ്. കഴിഞ്ഞ 10 വർഷമായി അറ്റകുറ്റപ്പണി നടത്താറില്ല. ജീവനക്കാർ ഭയന്ന് ടവറിൽ കയറാറില്ല. കാറ്റും മഴയും വന്നാൽ അപകടമുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് അപകടം വിളിച്ചുവരുത്താതെ അടിയന്തരമായി ലൈൻ പുതുക്കി ഇതിന് പരിഹാരമുണ്ടാക്കിത്തരണമെന്നാണ് അഭ്യർത്ഥിക്കുന്നത്. ഇത് തലശ്ശേരി, കണ്ണൂർ നഗരങ്ങളെ മാത്രമല്ല പിണറായി, മാഹി, ചൊവ്വ, മുണ്ടിയാട് സബ്സ്റ്റേഷനുകളിൽ വൈദ്യുതി സപ്ലൈ ചെയ്യുന്ന ലൈനാണ്. ഇത് അടിയന്തരമായി പുതുക്കിപ്പണിഞ്ഞില്ലെങ്കിൽ നാടാകെ ഇരുട്ടാകുന്ന അവസ്ഥയുണ്ടാകും. പുതുക്കിപ്പണിയാൻ രണ്ടു വർഷം വേണ്ടിവരുമെന്ന് പറയുന്നുണ്ട്. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് പരിഹാരമുണ്ടാക്കിത്തരണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. വടകര-തലശ്ശേരി ലൈനിൽ കുറച്ച് പ്രശ്നങ്ങളുണ്ട്, അത് കുറെയൊക്കെ ദ്രവിച്ചിട്ടുണ്ട്. 2010-ൽ അന്നത്തെ ഗവൺമെന്റ് ഇത് ടെണ്ടർ ചെയ്തെങ്കിലും ടെണ്ടർ ഫോം വാങ്ങാൻപോലും ആളുകൾ വന്നിരുന്നില്ല. അതായിരുന്നു അന്നത്തെ സ്ഥിതി. വീണ്ടും അതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. അതിനിടയിൽ കുറെ ആക്ഷേപങ്ങളൊക്കെയുണ്ടായിരുന്നു. ലൈൻ വലിക്കുന്ന കാര്യത്തിലും കോമ്പൻസേ

ഷന്റെ കാര്യത്തിലും പ്രശ്നങ്ങളുണ്ടായി. ഇതൊക്കെയാണ് സാധാരണ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾക്കുള്ള തടസ്സം. ഇത് 2013–ൽ വീണ്ടും ടെണ്ടർ ചെയ്തു. ആദ്യം രണ്ടു പ്രാവശ്യം അവധി നീട്ടിക്കൊടുത്തെങ്കിലും ആരും വന്നില്ല. ഇപ്പോൾ വീണ്ടും ടെണ്ടർ ക്ഷണിച്ചപ്പോൾ പുറത്തുനിന്നും രണ്ട് കമ്പനികൾ വന്നിട്ടുണ്ട്. വലിയ റേറ്റാണ് അവർ ക്വാട്ട് ചെയ്തിട്ടുള്ളത്. അവരോട് ഉദ്യോഗസ്ഥർ നെഗോഷിയേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അക്കാര്യം 1–ാം തീയതി ചേരുന്ന ബോർഡ് യോഗത്തിൽ അവതരിപ്പിക്കും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വലിയ അപകടമുണ്ടാകാനുള്ള സാധ്യതയുണ്ട്. ആമ്പൽ മെയിന്റനൻസ് നടത്താറുണ്ടെങ്കിലും ശരിയായ രീതിയിലാകുന്നില്ല എന്ന മെമ്പറുടെ അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. ഏതായാലും ഇക്കാര്യത്തിൽ അടിയന്തരമായി നടപടി കൈക്കൊള്ളുന്നതാണ്.

## പ്രീ–പ്രൈമറി അദ്ധ്യാപകരുടെ ശമ്പളം

ശ്രീ. എം.പി. വിൻസെന്റ്: സർ, കേരളത്തിലെ ജനസമൂഹത്തിൽ മാറ്റത്തിന്റെ നാന്ദി കുറിക്കുന്നതിന് അടിസ്ഥാന വിദ്യാഭ്യാസ മേഖലയിൽ പ്രീ–പ്രൈമറി ടീച്ചർമാരുടെ സംഭാവന വളരെ വലുതാണ്. എന്നാൽ ശമ്പളഘടനയുടെ കാര്യത്തിൽ വർഷങ്ങളായി വളരെ കഷ്ടതയനുഭവിക്കുന്ന പ്രീ–പ്രൈമറി ടീച്ചേഴ്സിന് അടുത്ത കാലത്ത് കോടതിവിധിമൂലം അനുകൂലമായ അവസ്ഥ വരികയുണ്ടായി. അതിന്റെ ഭാഗമായി പ്രീ–പ്രൈമറി ടീച്ചർമാർക്ക് 5000 രൂപയും ആയമാർക്ക് 3500 രൂപയും നൽകാൻ ഉത്തരവായി. ഇത് സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും ആയമാർക്കുമാണ് ലഭിക്കു

ന്നത്. എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന പ്രീ-പ്രൈമറി ടീച്ചർമാർക്ക് വളരെ ദുരിതപൂർണ്ണമായ അവസ്ഥയാണുള്ളത്. സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് സമാനമായ ജോലിക്ക് വളരെ തുച്ഛമായ ശമ്പളം പി.ടി.എ സമാഹരിച്ചുകൊടുക്കുന്ന അവസ്ഥയാണുള്ളത്. ഒരേ ജോലി ചെയ്യുന്ന അവർക്ക് രണ്ട് രീതിയിൽ ശമ്പളം കൊടുക്കുന്നത് വളരെ ദുരിതപൂർണ്ണമായ അവസ്ഥയാണ്. ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. എസ്.എസ്.എൽ.സി യും പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് യോഗ്യതയുമില്ലാത്തവരെ ഒഴിവാക്കിയാണ് ഇപ്പോൾ ശമ്പളം നൽകാൻ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ കോടതി ഉത്തരവ് അതിൽനിന്നും വ്യത്യസ്തമാണ്. 2012 ഓഗസ്റ്റ് ഒന്നുവരെ സർവീസിലുള്ള എല്ലാ അദ്ധ്യാപകർക്കും ശമ്പളവർദ്ധനവ് നൽകണമെന്നാണ് കോടതി ഉത്തരവിൽ പറയുന്നത്. ഇവരുടെ ദയനീയമായ അവസ്ഥ കണക്കിലെടുത്ത് പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് നേടിയ സർക്കാർ സ്കൂളുകളിലേയും എയ്ഡഡ് സ്കൂളുകളിലേയും അദ്ധ്യാപകരെ ഒരുപോലെ പരിഗണിക്കണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, 06-02-1988-ലെ ജി.ഒ.(ആർ.ടി.) നമ്പർ 465/88 പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂളുകൾ തുടങ്ങാൻ പാരന്റ് ടീച്ചേഴ്സ് അസോസിയേഷൻ അനുവാദം നൽകിയിരുന്നു. ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രതിഫലം നൽകുന്നതിനുള്ള ഉത്തരവാദിത്തവും പാരന്റ് ടീച്ചേഴ്സ് അസോസിയേഷനുതന്നെയായിരുന്നു. പിന്നീട് അദ്ധ്യാപകർക്കും ആയമാർക്കും യഥാക്രമം 600 രൂപ, 400 രൂപ ക്രമത്തിൽ ഓണറേ

റിയം നൽകിവന്നു. പാരന്റ് ടീച്ചേഴ്സ് അസോസിയേഷനാണ് അവരെ നിയമിച്ചതെന്നതിനാൽ ഗവൺമെന്റ് ജീവനക്കാർക്കുള്ള യാതൊരു അവകാശത്തിനും അവർ അർഹരായിരുന്നില്ല. എന്നാൽ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ കളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീ–പ്രൈമറി ക്ലാസുകളിലെ യോഗ്യതയുള്ള അദ്ധ്യാപകർക്കും ആയമാർക്കും പ്രതിമാസം യഥാക്രമം 5000 രൂപയും 3500 രൂപയും 01–08–2012 മുതൽ ഓണറേറിയമായി അനുവദിച്ചുകൊണ്ട് 07–12–2012 ലെ ജി.ഒ (എം.എസ്) നമ്പർ 385/12 പൊ.വി.വ. പ്രകാരം ഉത്തരവായി. സർക്കാരിന്റെ മുൻകൂർ അനുവാദം കൂടാതെ പുതിയതായി പ്രീ–പ്രൈമറി ക്ലാസുകൾ അനുവദിക്കാൻ പാടില്ലെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. നിരവധി വർഷങ്ങളായി തുച്ഛമായ വേതനത്തിൽ ജോലി നോക്കിയിരുന്ന സർക്കാർ സ്കൂളുകളിലെ പ്രീ–പ്രൈമറി ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കണമെന്ന ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശമാണ് ടി ഉത്തരവിന് ആധാരം ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ള പ്രീ–പ്രൈമറി ജീവനക്കാരുടെ കണക്കെടുത്തപ്പോഴാണ് പി.ടി.എ കൾ നിയമിച്ച നിരവധി ജീവനക്കാർ സർക്കാർ നിശ്ചയിച്ച യോഗ്യത നേടിയവരല്ലെന്ന് മനസിലായത്. എന്നാൽ നിരവധി വർഷങ്ങളായി ജോലി നോക്കുന്നവരായതിനാൽ മാനുഷിക പരിഗണന നൽകി നിശ്ചിത യോഗ്യത നേടാത്ത ഇത്തരം ജീവനക്കാർക്കും ഇവർ 01–08–2012– ൽ ഒരു വർഷത്തെ സർവീസെങ്കിലും പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതാണെന്ന് 25–04–2013 ലെ ജി.ഒ. (എം.എസ്)

നമ്പർ 146/13 പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓണറേറിയത്തിന് അർഹത യുള്ള ജീവനക്കാരുടെ കണക്കെടുക്കുന്നതിലും വിതരണം ചെയ്യുന്നതിലും സ്വാഭാവിക കാലതാമസമുണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട പി.ടി.എ ആണ് അദ്ധ്യാപ കരെയും ആയമാരെയും നിയമിക്കുന്നത് എന്നതിനാൽ അർഹതയുള്ള അദ്ധ്യാപകരെ പിരിച്ചുവിട്ട് പുതിയ അദ്ധ്യാപകരെ നിയമിച്ചതായും മറ്റുമുള്ള പരാതികളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് കുറ്റമറ്റ രീതിയിൽ ഓണറേറിയം വിതരണം ചെയ്യാൻ വിദ്യാഭ്യാസ അധികാരി കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനങ്ങൾ

ശ്രീ. എം.വി. ശ്രേയാംസ് കുമാർ : സർ, വയനാട് ജില്ലയിലെ വലിയ പ്രശ്നമാണ് മാൻ-ആനിമൽ കോൺഫ്ളിക്റ്റ്. വനത്തോട് ചേർന്നുള്ള പ്രദേ ശങ്ങളിലും വനത്തിലുള്ള ജനവാസ കേന്ദ്രങ്ങളിലും വന്യജീവികളുടെ ആക്രമണം രൂക്ഷമായി വരികയാണ്. വനപ്രദേശങ്ങളിൽ നിന്നും അകലെ യുള്ള പ്രദേശങ്ങളിൽപ്പോലും വന്യജീവികളുടെ ആക്രമണംമൂലം മനുഷ്യന്റെ സ്വത്തിനും ജീവനും ഭീഷണിയായ സ്ഥിതിയാണുള്ളത്. വന്യജീവി ആക്രമണത്തിൽ നിന്നും രക്ഷിക്കാൻവേണ്ടി നിരവധി പദ്ധതികൾ ഉണ്ടെങ്കിലും അവയൊന്നും കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നബാർഡിന്റെ 6 കോടി രൂപയുടെയും ജില്ലാപഞ്ചായത്തിന്റെയും പദ്ധതികളു ണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് ഫെൻസിംഗ് ചെയ്തുകൊടുത്തിട്ടുണ്ട്. ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കാര്യക്ഷമ

മായും സംയോജിതമായും പദ്ധതി നടത്താൻ സാധിക്കാത്തതുകൊണ്ട് ഈ പ്രശ്നം രൂക്ഷമായി വരികയാണ്. ഇതോടൊപ്പം വന്യജീവി ആക്രമണം നേരിടാൻ ഫോറസ്റ്റ് സ്റ്റേഷൻ, എലിഫന്റ് സ്ക്വാഡ് മുതലായവ രൂപീകരിക്കുമെന്ന് പറഞ്ഞിരുന്നു. അതുസംബന്ധിച്ച് ഒരു ഫയൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിന്റെ മുമ്പാകെയുണ്ട്. കൽപ്പറ്റ റെയ്ഞ്ചിൽ വരുന്ന തരിയോട്, എട്ടാം മൈൽ, പത്താം മൈൽ, സേട്ടുക്കുന്ന് പ്രദേശങ്ങളിലെ രൂക്ഷമായ ആനശല്യം നേരിടാൻ എലിഫന്റ് സ്ക്വാഡ് രൂപീകരിക്കുമെന്ന് പറഞ്ഞെങ്കിലും ഇതുവരെയും രൂപീകരിച്ചിട്ടില്ല. എലിഫന്റ് സ്ക്വാഡ് രൂപീകരിച്ചെങ്കിൽ മാത്രമെ, നാട്ടിലേയ്ക്ക് ഇറങ്ങുന്ന കാട്ടാനയെ തുരത്തിവിടാനോ കടുവ, പുലി തുടങ്ങിയ മൃഗങ്ങളെ ട്രാപ് ചെയ്യാനോ ഉള്ള സംവിധാനമുണ്ടാക്കാൻ സാധിക്കുകയുള്ളു. കൂടാതെ വനം കയ്യേറ്റവും അതിക്രമങ്ങളും തടയണമെങ്കിൽ ഫോറസ്റ്റ് സ്റ്റേഷനും എലിഫന്റ് സ്ക്വാഡും ഉണ്ടെങ്കിൽ മാത്രമെ സാധിക്കുകയുള്ളു. ഇതിനുപുറമെ കൽപ്പറ്റ മുനിസിപ്പിലിറ്റിയിൽ കുരങ്ങന്മാരുടെ അതിരൂക്ഷമായ ശല്യമാണ്. കഴിഞ്ഞ കുറച്ച് വർഷമായി കുരങ്ങന്മാരുടെ എണ്ണം വർദ്ധിച്ച് ആയിരത്തോളമായിട്ടുണ്ട്. കുരങ്ങന്മാരുടെ എണ്ണം വർദ്ധിക്കുന്നത് നിയന്ത്രിക്കാനും അവയെ പിടികൂടി വനപ്രദേശങ്ങളിൽ കൊണ്ടുവിടാനുമുള്ള പദ്ധതി തുടങ്ങിയെങ്കിലും ഫലപ്രദമാക്കാൻ സാധിച്ചിട്ടില്ല. ഒരുപക്ഷേ, കൽപ്പറ്റയിലുള്ള ജനസംഖ്യയെക്കാൾ കൂടുതൽ കുരങ്ങന്മാരുണ്ടോയെന്ന് സംശയിക്കുന്ന രീതിയിലാണ് കുരങ്ങന്മാരുടെ എണ്ണം വർദ്ധിക്കുന്നത്. ഓടിട്ട വീടുകളുടെ ഓടുകൾ കുരങ്ങന്മാർ നശിപ്പിക്കുകയാണ്. ഞാൻ ഉൾപ്പെടെയുള്ള ആളുകൾ ഓടിട്ട വീടുകൾ പൊളിച്ചുമാറ്റുകയാണ്. കൽപ്പറ്റയിൽ ജീവിക്കാൻ പറ്റാത്ത രീതിയിലാണ് കുരങ്ങന്റെ ശല്യം. കുരങ്ങന്മാരുടെ

എണ്ണം നിയന്ത്രിക്കുന്നതോടൊപ്പം ഇവയെ ട്രാപ്പ് ചെയ്ത് വനത്തിനുള്ളിൽ കൊണ്ടുവിടുന്ന പദ്ധതി കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, വന്യജീവികൾ വനം വിട്ട് പുറത്തേയ്ക്ക് വരാനുള്ള കാരണങ്ങൾ രണ്ടാണ്. ഒന്ന്, വന്യജീവികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ്. രണ്ട്, വന്യജീവികളെ ആകർഷിക്കുന്ന രീതിയിലുള്ള കൃഷിരീതി അവലംബിക്കുന്നത്. വയനാട്ടിൽ മാത്രം 290.8 കിലോമീറ്റർ നീളത്തിൽ വൈദ്യുതി കമ്പിവേലി നിർമ്മിക്കുന്നതിന് നബാർഡിന്റെ സഹായത്തോടെ 603.95 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി വരികയാണ്. ഇതുകൂടാതെ വയനാട് വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിൽ വൈദ്യുതി കമ്പിവേലി, ആനപ്രതിരോധ കിടങ്ങ്, മതിൽ എന്നിവ നിർമ്മിക്കുന്നതിനും എലിഫന്റ് സ്ക്വാഡ് രൂപീകരിക്കുന്നതിനുമായി 5.82 കോടി രൂപയുടെ പദ്ധതി സംസ്ഥാന ഗവൺമെന്റ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച, വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ജീവനക്കാരില്ലെന്ന കാര്യം കണക്കിലെടുത്ത് സർക്കാർ 5 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. പുതിയതായി രൂപീകരിച്ച എലിഫന്റ് സ്ക്വാഡിന് 53 തസ്തികകൾ സൃഷ്ടിക്കാനുള്ള തീരുമാനം 15–1–2014–ലെ മന്ത്രിസഭാ യോഗത്തിൽ എടുത്തിട്ടുണ്ട്. ഇതിനെല്ലാം ഉപരിയായി വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷി നാശങ്ങൾക്കും ആളപായങ്ങൾക്കും നൽകിവരുന്ന നഷ്ടപരിഹാര തുകയും ഈ സർക്കാർ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷം ഏതാണ്ട് 460.74 ലക്ഷം രൂപ നഷ്ടപരിഹാര

മായി കൊടുത്തിട്ടുണ്ട്. അതോടൊപ്പം കൽപ്പറ്റയിലും സമീപ പ്രദേശങ്ങളിലും കുരങ്ങുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കുരങ്ങുകളെ വന്ധ്യംകരിക്കുന്നതിനും താൽക്കാലിക പരിഹാരമെന്ന നിലയിൽ കുരങ്ങന്മാരെ പിടിച്ച് കാട്ടിലേയ്ക്ക് വിടുന്നതിനുമുള്ള നടപടികൾ എടുക്കുന്നുണ്ട്. വന്യമൃഗങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും വനംവകുപ്പ് കൈക്കൊള്ളുന്നുണ്ട്. പൊതുജന സഹകരണത്തോടെ തുടർന്നും കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിന് വേണ്ടി ശ്രദ്ധിക്കുന്നതാണ്.

**ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി**

ശ്രീ. ജി.എസ്. ജയലാൽ : സർ, എന്റെ മണ്ഡലത്തിലെ ആദിച്ചനല്ലൂർ പഞ്ചായത്തിലെ അതിപുരാതനമായ ചിറയും ടൂറിസം വികസനവുമായി ബന്ധപ്പെട്ടതുമാണ് എന്റെ സബ്മിഷൻ. 28 ഏക്കർ വിസ്തൃതിയുള്ള ചിറയും പരിസരവും ബന്ധപ്പെടുത്തിയുള്ള ടൂറിസം വികസനത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. വർഷത്തിൽ 12 മാസവും നിറയെ ശുദ്ധജലം ലഭിക്കുന്ന ചിറയിൽ ആഭ്യന്തര വിദേശ ടൂറിസ്റ്റുകൾക്ക് ബോട്ട് യാത്രാ സൗകര്യം വരെ ഒരുക്കാൻ കഴിയുന്ന പ്രോജക്റ്റാണെന്ന് അങ്ങ് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടതാണ്. വർക്കല, പരവൂർ, കൊല്ലം ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നതും ഇത്തിക്കര ആറിന്റെ തീരത്തുള്ള പ്രദേശവുമായ ഈ സ്ഥലത്ത് വലിയ സാദ്ധ്യതകളുണ്ട്. മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട് ഒരുസെന്റ് സ്ഥലംപോലും ഏറ്റെടുക്കാതെ മുതിർന്നവർക്കും കുട്ടികൾക്കും ആവശ്യമായിട്ടുള്ള പാർക്കുകൾ, സാംസ്കാരിക പരിപാടി

കൾക്കാവശ്യമായ ആഡിറ്റോറിയം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് കഴിയും. ഡി.റ്റി.പി.സി. യുമായി ബന്ധപ്പെട്ട് കിഡ്കോ എന്ന ഏജൻസി 207 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് തയ്യാറാക്കി ടൂറിസം ഡയറക്ടർക്ക് അയച്ചിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുള്ള താണ്. ഭരണാനുമതി നൽകി ഈ പദ്ധതി നടപ്പിലാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി–പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) : സർ, കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജമണ്ഡലത്തിലുള്ള ആദിച്ചനല്ലൂർ ചിറയുടെ വികസനത്തിനായി കിഡ്കോ തയ്യാറാക്കിയ ഒരു പ്രോജക്റ്റ് റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഈ പ്രദേശത്തിന്റെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തത്തക്ക വിധത്തിൽ ചിറയുടെ നവീകരണം, പാർക്കിംഗ് ഏര്യ, ലാൻഡ് സ്കേപ്പിംഗ്, സീറ്റിംഗ് മുതലായ പ്രവൃത്തികൾ പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിന് 1,67,56,636 രൂപ ചെലവ് വരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചും പദ്ധതി പൂർത്തീകരിച്ചതിന് ശേഷം സംരക്ഷണമടക്കമുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള സാദ്ധ്യതാപഠനം അനിവാര്യമാണ്. പ്രസ്തുത പ്രദേശത്ത് എം.എൽ.എ. യോടൊപ്പം ഞാനും പോയിരുന്നു. പ്രോജക്റ്റ് ലഭ്യമായ സാഹചര്യത്തിൽ തീർച്ചയായും പദ്ധതി പൂർത്തീകരിച്ചാൽ എങ്ങനെ നടത്താൻ കഴിയുമെന്നും ഏത് ഏജൻസിയുടെ കീഴിൽ ആക്കണമെന്നതിനെക്കുറിച്ചുമുള്ള റിപ്പോർട്ട്

ഡി.റ്റി.പി.സി. കൊല്ലം ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് കൂടി കിട്ടിയാൽ അടുത്ത വർഷം ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്.

**റവന്യൂ പുറമ്പോക്ക് കൈവശപ്പെടുത്തൽ**

ശ്രീ. പി.എ. മാധവൻ : സർ, മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട അരിമ്പൂർ പഞ്ചായത്തിലെ സർവ്വെ നം. 4/146 –ൽ 3 ഏക്കർ 8 സെന്റ് ഭൂമി കഴിഞ്ഞ അര നൂറ്റാണ്ടിലേറെക്കാലമായി പുറമ്പോക്കായി കിടക്കുന്നതാണ്. പ്രസ്തുത ഭൂമി കൈവശപ്പെടുത്തുന്നതിന് നിരവധി കേന്ദ്രങ്ങളിൽ നിന്നുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ആ ഭൂമി, തൃശ്ശൂർ നഗരത്തിന്റെ അതിർത്തിയിൽ നിന്ന് ഒരു കിലോമീറ്റർ മാത്രമകലെ സെന്റിന് ലക്ഷക്കണക്കിന് രൂപ വില വരുന്നതും മൊത്തത്തിൽ കോടിക്കണക്കിന് രൂപ വിലപിടിപ്പുള്ളതുമാണ്. അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് അരിമ്പൂർ സെന്ററിൽ ഏറ്റവും മർമ്മപ്രധാനമായ സ്ഥലമാണ് ഈ ഭൂമി. പഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾക്ക് അനിവാര്യമായ ഭൂമിയാണിത്. സ്വാഭാവികമായും പുറ മ്പോക്ക് ഭൂമിയെന്ന നിലയിൽ പഞ്ചായത്തിന് മാത്രം കൈവശം കിട്ടേണ്ട താണ്. കഴിഞ്ഞ 40 വർഷത്തിലേറെയായി ആ ഭൂമിയുടെ ഒരേക്കറോളം സ്ഥലം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കൈവശപ്പെടുത്തി, കെട്ടിടം പണിത് പ്രവർത്തിച്ച് വരികയാണ്. അതിനുപുറമെ അടുത്തിടെ, തൃശ്ശൂർ ജില്ലാ കളക്ടറേറ്റിന് സമീപം പ്രവർത്തിച്ചിരുന്ന ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന സ്ഥലം കോർട്ട് കോംപ്ലക്സിന് വേണ്ടി കൊടുത്തപ്പോൾ ആരുടെയും അനു മതി കൂടാതെ തന്നെ ഈ സ്ഥലം ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിക്കാൻ തുടങ്ങി. തുടർന്ന് പഞ്ചായത്ത്, സ്കൂൾ അധികൃതർ മുതലായവർ പരാതിപ്പെ

ട്ടപ്പോൾ ഡ്രൈവിംഗ് സ്കൂൾ അസോസിയേഷൻ കോടതിയിൽ പോവുകയും കോടതി ആ കേസ് സർക്കാർ തീരുമാനിക്കട്ടെയെന്ന് നിർദ്ദേശക്കുകയും ചെയ്തു. ഇപ്പോൾ റവന്യൂ സെക്രട്ടറി ശ്രീ. പി. കമലവർധന റാവുവിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന് ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ എം.എൽ.എ. എന്ന നിലയിൽ ഞാൻ കൂടി ഉൾപ്പെട്ട്, ചർച്ച ചെയ്ത് ഏകദേശം വയബിൾ ആയതും പ്രായോഗികമായതുമായ നിർദ്ദേശം വയ്ക്കുകയും ചെയ്തിരുന്നു. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കൈവശം ഇപ്പോഴുള്ള സ്ഥലം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എടുക്കുന്നതിനും അവശേഷിക്കുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കുന്നതുമായിരുന്നു ആ നിർദ്ദേശം. ഇതേ അവസരത്തിൽ കേരള ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ച് 2 കോടി രൂപ ചെലവിൽ മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റ് നടത്താനുള്ള സ്ഥലത്തിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിരുന്നു. തൃശ്ശൂർ നഗരത്തിൽ അരണാട്ടുകരയിൽ സർവ്വെ നം.810-ൽ ആവശ്യമായ സ്ഥലത്തിനുവേണ്ടി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് ആർ.ടി. അപേക്ഷിക്കുകയും നടപടികൾ നിലനിൽക്കുകയുമാണ്. അത് വെറ്റ്ലാന്റ് ആയതുകൊണ്ട് ബന്ധപ്പെട്ട അധികൃതരുടെ അന്തിമ തീരുമാനത്തിന് വേണ്ടി കാത്തിരിക്കുകയാണ്. നഗരാതിർത്തിയോട് ചേർന്ന് കോടിക്കണക്കിന് രൂപ വിലവരുന്നതും ഗ്രാമപഞ്ചായത്തിന് മാത്രമായി കിട്ടേണ്ടതുമായ സ്ഥലം ഒരുവിധത്തിലും അന്യാധീനപ്പെട്ട് പോകാതിരിക്കാൻ റവന്യൂവകുപ്പിൽ നിന്ന് ഉചിതമായ നടപടിയെടുത്ത് ആ സ്ഥലം പഞ്ചായത്തിന് ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, വെളുത്തൂർ വില്ലേജിലെ സർവ്വെ നമ്പർ 146/4-ൽ ഉൾപ്പെടുന്ന ഭൂമി അന്തിക്കാട് കൊപ്രാ സഹകരണ സംഘത്തിന്റെ പേരിൽ 1958-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും 1959-ൽ സർക്കാരിലേയ്ക്ക് പണയപ്പെടുത്തിയതിനുശേഷം സംഘം ലിക്യുഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതായും അറിവായിട്ടുണ്ട്. ടി ഭൂമി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ആരംഭിക്കുന്നതിനുവേണ്ടി അക്വയർ ചെയ്യുന്നതിനായി മാനേജിംഗ് ഡയറക്ടർ അപേക്ഷ നൽകിയതിനെത്തുടർന്ന് അക്വുസിഷൻ നടപടികൾ ആരംഭിച്ചുവെങ്കിലും സ്ഥലമെടുപ്പിനുള്ള തുക അടയ്ക്കാത്തതിനാൽ കാലാഹരണപ്പെട്ടിട്ടുള്ളതാണ്. എങ്കിലും 1969 മുതൽ ടി ഭൂമിയുടെ വടക്കുഭാഗത്ത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു. തെക്കുഭാഗത്ത് മോട്ടോർ വാഹന വകുപ്പ് ഡ്രൈവിംഗ് ടെസ്റ്റ് നടത്തിവരവെ, ടി ഭൂമിയിന്മേൽ അരിമ്പൂർ ഗ്രാമപഞ്ചായത്ത് അവകാശവാദമുന്നയിച്ചുകൊണ്ട് ഭൂമി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും റവന്യൂ വകുപ്പ് പഞ്ചായത്തുവക ഭൂമി കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. അരിമ്പൂർ ഗ്രാമപഞ്ചായത്തും മോട്ടോർ വാഹന വകുപ്പും അഗ്രോ ഇൻഡസ്ട്രീസും ഈ സ്ഥലത്തിനുവേണ്ടി ആവശ്യം ഉന്നയിച്ചിരുന്നു. എന്നാൽ മറ്റ് ചില ആളുകളും ഹൈക്കോടതിയിൽ ഭൂമിക്കുവേണ്ടിയുള്ള അവകാശവാദം ഉന്നയിച്ചിരുന്നു. ബഹു. ഹൈക്കോടതി ബന്ധപ്പെട്ട ആളുകളെ കേട്ടതിനുശേഷം ഗവൺമെന്റ് തീരുമാനമെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ 01-02-2014-ൽ ജില്ലാ കളക്ടർ യോഗം വിളിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.യെ

കൂടി പങ്കെടുപ്പിച്ചുകൊണ്ട് അതിന്റെ ചർച്ച നടത്തി തീരുമാനമെടുക്കണമെന്ന നിർദ്ദേശം നൽകുന്നതാണ്.

## ബൈപ്പാസ് നിർമ്മാണം

ശ്രീ. റ്റി. യു. കുരുവിള സർ, കോതമംഗലം നിയോജക മണ്ഡലത്തിൽപ്പെട്ട തങ്കളം – കോഴിപ്പിള്ളി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം നാലുവർഷമായി മുടങ്ങിക്കിടക്കുകയാണ്. ഒരു സർവ്വെ നമ്പറിൽവന്ന പിശകാണ് ഇതിന് കാരണം. സർക്കാരിൽ നിന്നും ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള ഫണ്ട് തഹസിൽദാർക്ക് കൈമാറിയിട്ട് അഞ്ചുവർഷം കഴിഞ്ഞു. സർവ്വെ നമ്പറിലെ പിശകു തിരുത്താതെ ടി തുക കോടതിയിൽ കെട്ടിവച്ചതുകാരണം ഉടമയ്ക്ക് പണം കിട്ടാത്തതിനാൽ (ഉടമയുടെ കൈവശത്തിലിരിക്കുന്നതും കരം തീർക്കുന്നതും ആധാരത്തിലുള്ളതുമായ സർവ്വെ നമ്പരല്ലാത്തതിനാൽ) കേസ് നൽകുകയും കോടതിയിൽ നിന്ന് സ്റ്റേ വന്നതുകൊണ്ട് പി.ഡബ്ല്യൂ.ഡി.ക്ക് സ്ഥലം ഏറ്റെടുക്കാൻ കഴിയാതെവരികയും കോൺട്രാക്ടർ ആ വർക്ക് ഉപേക്ഷിച്ചു പോയിരിക്കുകയുമാണ്. 24 ശതമാനത്തിൽതാഴെയുള്ള വർക്കാണ് ആ കോൺട്രാക്ടർ എടുത്തിരുന്നത്. ഇപ്പോൾ 4 വർഷം കഴിഞ്ഞതുകൊണ്ട് ആ വർക്ക് റീ–ടെണ്ടർ ചെയ്താൽ ഗവൺമെന്റിന് ഭീമമായ, കോടികളുടെ നഷ്ടമാണ് വരുന്നത്. ഇതിന് ആരാണ് ഉത്തരവാദി? ഇത് റീ–ടെണ്ടർ ചെയ്ത് ഉടനെ വർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സർവ്വെ നമ്പർ തെറ്റായി നൽകിയ കാര്യവും പരിഹരിക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സർ, തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ്സിനുവേണ്ടി 3.2552 ഹെക്ടർ സ്ഥലം 2009-ൽ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. ഇതിനു ശേഷം സർവ്വെ നമ്പറിൽവന്ന പിശക് സംബന്ധിച്ച് ഭൂവുടമ ഫയൽ ചെയ്ത കേസിൽ നിലവിലുണ്ടായിരുന്ന സ്റ്റേ 20-12-2011-ൽ ബഹു. കോടതി നീക്കം ചെയ്തിട്ടുള്ളതാണ്. സർക്കാർ 02-08-2013-ൽ ജി.ഒ.ആർ.റ്റി. 4410/13/ആർ.ഡി. ഉത്തരവുപ്രകാരം 2 കോടി അനുവദിച്ചു നൽകിയതിനെത്തുടർന്ന് അവാർഡ് പാസ്സാക്കുകയും പ്രമാണമുള്ള സ്ഥലത്തിന് നഷ്ടപരിഹാരം അനുവദിക്കുകയും പ്രമാണം ഹാജരാക്കാത്ത ഭൂമിക്കുള്ള നഷ്ടപരിഹാരം മൂവാറ്റുപുഴ സബ്കോടതിയിൽ കെട്ടിവച്ചിട്ടുള്ളതുമാണ്. ഇതിനുശേഷം പൊതുമരാമത്ത് വകുപ്പ് അഡീഷണൽ റിക്വസിഷൻ സമർപ്പിക്കുകയും ആയതുപ്രകാരമുള്ള പൊന്നുംവില നടപടികൾ അന്തിമഘട്ടത്തിലാണ്.

<u>അമർവിനായകിന് സാമ്പത്തിക സഹായം</u>

<u>ശ്രീ. സി. ദിവാകരൻ:</u> സർ, കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ നടന്ന വളരെ ഗുരുതരമായ ഒരു ചികിത്സാ വീഴ്ച ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. 29-12-2013-ൽ വീട്ടിൽ വച്ച് വലതു കൈയുടെ ഒരു വിരലിന് ക്ഷതമേറ്റതിന്റെ അടിസ്ഥാനത്തിൽ അമർവിനായക് എന്നുപറയുന്ന 9-ാം സ്റ്റാൻഡേർഡ് വിദ്യാർത്ഥി കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ പോയി. അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ പരിശോധിച്ച് ഒരു ചെറിയ മുറിവാണ് സാരമില്ല എന്നുപറഞ്ഞ് തിരിച്ചയയ്ക്കുകയാണുണ്ടായത്. വീട്ടിൽവന്ന് രണ്ടുദിവസം

കഴിഞ്ഞപ്പോൾ വിരൽ പൂർണ്ണമായും പഴുക്കാൻ തുടങ്ങി. വീണ്ടും ഒരു സ്വകാര്യ ആശുപത്രിയിൽ പഴുത്ത വിരൽ കാണിച്ചു. വിരൽ കുഴപ്പത്തി ലാണ്, ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ കാണിക്കണം എന്ന് സ്വകാര്യ ആശുപത്രിക്കാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ ഒരു സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പോവുകയും വിരലിനുള്ളിലേക്ക് പഴുപ്പ് ബാധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരൽ പൂർണ്ണ മായും മുറിച്ചുമാറ്റുകയും ചെയ്തു. ഈ കുട്ടി 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നതാണ്, വലതു കൈയിലെ എഴുതാനുപയോഗിക്കുന്ന ഒരു വിരലാ ണത്. പാവപ്പെട്ട ഒരു കുടുംബത്തിലെ കുട്ടിയാണത്. കുട്ടിയുടെ പഠിത്തവും ജീവിതവും ഇപ്പോൾ വളരെ ദയനീയമായ അവസ്ഥയിലാണ്. ബഹുമാന പ്പെട്ട മന്ത്രി ഗൗരവമായി ഇക്കാര്യം പരിശോധിക്കുകയും ഇതിനാവശ്യമായ സഹായം ചെയ്യാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയും വേണം. ജീവകാ രുണ്യപരമായി ഇത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ):</u> സർ, കരുനാഗപ്പള്ളി പടനായർ കുളങ്ങര വടക്ക് ഗീതാഭവനിൽ ശ്രീ. വേണുവിന്റെ മകൻ 14 വയസ്സുള്ള അമർവിനായക് എന്ന കുട്ടിയെ 29-12-2013 ഉച്ചയ്ക്ക് 12 മണിക്ക് മോതിര വിരലിൽ പരിക്കുപറ്റി ചികിത്സയ്ക്കായി കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലെ കാഷ്വാലിറ്റിയിൽ കൊണ്ടുവരികയുണ്ടായി. അപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന എൻ.ആർ.എച്ച്. എം. ഡോക്ടർ തൻസീർ കുട്ടിയെ പരിശോധിച്ച് മുറിവ് ക്ലീൻ ചെയ്ത് ലോക്കൽ അനസ്തേഷ്യ നൽകി തുന്നലിട്ട് റ്റി.റ്റി. എടുത്ത് ആന്റിബയോ

ട്ടിക്സ് കൊടുത്ത് അടുത്ത ദിവസം സർജനെ കാണണമെന്ന് നിർദ്ദേശിച്ച് വിട്ടയയ്ക്കുകയും ചെയ്തു. എന്നാൽ കുട്ടിയെ പിന്നീട് ചികിത്സയ്ക്കായി കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ എത്തിച്ചിട്ടില്ല. 06–01–2014–ൽ കുട്ടി യുടെ പിതാവ് കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലെ ഡോക്ടറുടെ ചികിത്സാപ്പിഴവുമൂലം കുട്ടിയുടെ മോതിര വിരൽ മുറിച്ചു മാറ്റേണ്ടിവന്നു വെന്നും അതിനാൽ ചികിത്സിച്ച ഡോക്ടർക്കെതിരെ നടപടി സ്വീകരിക്കണ മെന്നും ആവശ്യപ്പെട്ട് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി സൂപ്രണ്ടിനും കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർക്കും പരാതി നൽകി. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും നടത്തിയ പ്രാഥമികാന്വേഷണത്തിൽ കുട്ടിയെ ചികിത്സിച്ച ഡോക്ടർ തൻസീറിൽനിന്നും ചികിത്സാപ്പിഴവുകളൊന്നുമുണ്ടാ യിട്ടില്ലെന്നാണ് മനസ്സിലായതെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യകേരളം പദ്ധതിയിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിച്ചിരുന്ന ഡോ. തൻസീറിനെ പരാതിയുടെ അടിസ്ഥാന ത്തിൽ സർവ്വീസിൽ നിന്നും നീക്കംചെയ്തിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കാ ശുപത്രിയിലെ ചികിത്സയ്ക്കുശേഷം സ്വകാര്യ ആശുപത്രിയിലാണ് കുട്ടിയെ ചികിത്സിച്ചത്. ഒരു വിദഗ്ദ്ധ സംഘത്തെകൊണ്ട് വിശദമായ അന്വേഷണം നടത്തി നിജസ്ഥിതി കണ്ടെത്തുന്നതിനുവേണ്ടി ജില്ലാ മെഡിക്കൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമായതിനുശേഷം സാമ്പത്തികമായി സഹായം ചെയ്യുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

<u>ഡോക്ടർമാരുടെ ഒഴിവുകൾ നികത്തൽ</u>

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ:</u> സർ, നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ ഡോക്ടർമാരില്ലാത്തതുകൊണ്ടുള്ള ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനാണ് ഈ സബ്മിഷൻ. ഈ താലൂക്കാശുപത്രിയിൽ 15 ഡോക്ടർമാരാണ് ആവശ്യമുള്ളത്. എന്നാലി പ്പോൾ 5 ഡോക്ടർമാരാണ് നിലവിലുള്ളത്. ഈ അഞ്ചു ഡോക്ടർമാരിൽ രണ്ടുപേർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റൊരിടത്താണ്. കൂടാതെ ഗൈന ക്കോളജി വിഭാഗത്തിൽ 2 പേർ എൻ.ആർ.എച്ച്.എം.–ൽ നിന്നും വർക്ക് ചെയ്യുന്നുണ്ട്. അനസ്തേഷ്യാ ഡോക്ടർ ഇപ്പോഴില്ല. ഒരുമാസത്തിൽ 200 പ്രസവങ്ങൾവരെ നടക്കുന്ന ഒരാശുപത്രിയാണിത്. തമിഴ്നാട്ടിൽനിന്നും താൽക്കാലികാടിസ്ഥാനത്തിലാണ് ഇവിടെ അനസ്തേഷ്യ കൊടുക്കുന്ന ഡോക്ടർ വരുന്നത്. അതുപോലെതന്നെ കുട്ടികളെ ചികിത്സിക്കുന്നതിനുള്ള ഡോക്ടർ ഇല്ല. പതിനായിരക്കണക്കിന് തോട്ടം തൊഴിലാളികളും പ്രത്യേകിച്ച് ആദിവാസികളും താമസിക്കുന്ന ഈ മേഖലയിൽ ഈ ആശുപത്രിയെയാണ് അവർ ആശ്രയിക്കുന്നത്. ഈ ആശുപത്രിയുടെ ദയനീയസ്ഥിതി പരിഹരിക്കു ന്നതിന് ആവശ്യമുള്ള 15 ഡോക്ടർമാരെയും, പ്രത്യേകിച്ച് സർജൻ ഇല്ലാത്ത തുകൊണ്ട് വളരെ ഗൗരവമായ പ്രശ്നമാണുള്ളത്, നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒരു ആംബുലൻസ് ഉണ്ടായിരുന്നതിന്റെ കാലാവധി കഴിഞ്ഞ് ഓടിക്കാൻ കഴിയാതെയായതിനാൽ തിരിച്ചുകൊടുത്തിട്ട് രണ്ടുമൂന്നു വർഷങ്ങളായി. നിലവിൽ ആംബുലൻസ് സൗകര്യവുമില്ല. അതുകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മുഴുവൻ ഡോക്ടർമാരെയും നിയ മിച്ച് സ്ട്രെങ്ത് പൂർണ്ണമാക്കുന്നതിനും ആശുപത്രിയുടെ സുഗമമായ

പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്നതിനും അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി. എസ്. ശിവകുമാർ) : സർ, നിലവിൽ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ 15 ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ ജൂനിയർ കൺസൽട്ടന്റ് ഗൈനക്കോളജിയിലെ മെഡിക്കൽ ഓഫീസർ ഒരു വർഷത്തെ അവധിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇ.എൻ.ടി.യിലേയും ഓഫ്താൽമോളജിയിലേയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ (ജൂനിയർ കൺസൾട്ടന്റ്) വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നുണ്ട്. നിലവിൽ ജൂനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക്സിൽ, സൃഷ്ടിക്കപ്പെട്ട തസ്തികയിൽ രണ്ട് അസിസ്റ്റന്റ് സർജന്മാരും ഈ ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ട്. ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികകളിൽ അഡ്ഹോക്ക് പോസ്റ്റിംഗിൽ മൂന്നുപേരേയും എൻ.ആർ.എച്ച്.എം. മുഖേന ഒരു ഡോക്ടറേയും നിയമിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ആയി നിയമിച്ച ഡോക്ടർ ഗൈനക്കോളജി വിഭാഗം കൈകാര്യം ചെയ്യുന്നു. ഒഴിഞ്ഞുകിടക്കുന്ന ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് സ്പെഷ്യാലിറ്റി കേഡർ സംവിധാനം വഴി നിയമനം നടത്തുന്നതാണ്. സർവ്വീസിലുള്ള പി.ജി. യോഗ്യതയുള്ള അസിസ്റ്റന്റ് സർജന്മാർക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരായി നിയമനം നൽകുമ്പോൾ നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ ഇപ്പോൾ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നൽകാൻവേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടാതെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസ്തുത തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ

പുരോഗമിച്ചുവരുന്നു. ഈ ആശുപത്രിയിലെ രണ്ട് ഡോക്ടർമാർക്ക് നൽകിയിട്ടുള്ള വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഒഴിവുള്ള സൂപ്രണ്ടിന്റെ തസ്തിക നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തെരുവുനായ്ക്കളുടെ ശല്യം

ശ്രീ. വി. ശിവൻകുട്ടി: സർ, എല്ലാവരേയും ബാധിക്കുന്ന ഒരു വിഷയമാണ് ഞാൻ പറയുന്നത്. ഇപ്പോൾ തിരുവനന്തപുരം നഗരം തെരുവ് നായ്ക്കളുടെ ആക്രമണ ഭീഷണിയിലാണ്. രാവിലെ നടക്കാനിറങ്ങുന്നവരേയും വീട്ടുമുറ്റത്ത് കളിക്കുന്ന കുട്ടികളേയും സ്കൂളിലേയക്ക് പോകുന്ന കുട്ടികളേയും ഇരുചക്രവാഹന യാത്രക്കാരേയും കാൽനട യാത്രക്കാരേയും നായ്ക്കൾ ക്രൂരമായി ആക്രമിക്കുകയാണ്. പേപ്പട്ടിയുടെ കടിയേറ്റ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന 42 വയസ്സുള്ള മാഹീൻ ഇക്കഴിഞ്ഞ ജനുവരി മാസം 26-ാം തീയതി മരണമടഞ്ഞു. പാങ്ങോട് മിലിട്ടറി ക്യാമ്പിലെ ബ്രിഗേഡിയർ ആദിഷ് യാദവിന് പ്രഭാത സവാരിയിൽ നായയുടെ കടിയേറ്റു. പൂന്തുറയിൽ 4 വയസ്സുകാരി ശ്രീപ്രിയയെ നഴ്സറി വളപ്പിൽ വച്ച് മനുഷ്യ മനസ്സാക്ഷിയെത്തന്നെ ഞെട്ടിപ്പിക്കുന്ന രൂപത്തിൽ ക്രൂരമായി പട്ടികൾ ആക്രമിച്ചു. ഇത്രയും ഗൂരുതരമായ സ്ഥിതിവിശേഷം തലസ്ഥാന നഗരിയിൽ നിലനിൽക്കുമ്പോഴാണ് ഈ തെരുവുനായ്ക്കളെ കൊല്ലരുതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രാലയത്തിൽ നിന്നും ഉത്തരവിറക്കിയിരിക്കുന്നത്. അസുഖം ബാധിച്ച നായ്ക്കളേയും അംഗവൈകല്യം സംഭവിച്ച നായ്ക്കളേയും പേ പിടിച്ച നായ്ക്കളേയും കൊല്ലാമെന്ന് കേന്ദ്രഗവൺമെന്റ്

നിയമത്തിൽത്തന്നെ പറയുമ്പോഴാണ് ഒന്നിനേയും കൊല്ലാൻ പാടില്ലായെന്ന നിലയിലുള്ള ഒരു ഉത്തരവ് സംസ്ഥാന ഗവൺമെന്റ് ഇറക്കിയിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ, ഈ നിയമസഭാ വളപ്പിൽ മുഴുവൻ തെരുവു നായ്ക്കളാണ്. നിയമസഭയുടെ ചുറ്റും കിടക്കുന്ന വാഹനങ്ങളുടെ അടിയിലെല്ലാം ഒരു സെക്യൂരിറ്റി സ്റ്റാഫിനെവിട്ട് പരിശോധിച്ചാൽ ഒന്നും രണ്ടും നായ്ക്കൾ വിശ്രമിക്കുന്നത് കാണാം. എം.എൽ.എ. ഹോസ്റ്റലിൽ ലിഫ്റ്റ് വഴി നായ്ക്കൾ മുകളിലേയ്ക്ക് പോകുകയാണ്. ലിഫ്റ്റ് തുറന്നിട്ടിട്ട് ലിഫ്റ്റ് ഓപ്പറേറ്റർ ചായകുടിക്കാൻ പോകുന്ന സമയത്ത് നായ്ക്കൾ ലിഫ്റ്റിനകത്ത് കയറിക്കൂടുകയാണ്. കഴിഞ്ഞ ദിവസം എം.എൽ.എ. ക്വാർട്ടേഴ്സിലെ എന്റെ മുറിയിൽ ഒരു നായ കയറിവന്നു. ഞാൻ തമാശ പറയുന്നതല്ല, നടന്ന സംഭവമാണ്. തിരുവനന്തപുരം കോർപ്പറേഷന്റെ 100 വാർഡുകളിലുമായി ഏകദേശം 20000 നായ്ക്കൾ വിലസുകയാണ്. വെളുപ്പിന് 5 മണി മുതൽ രാവിലെ 7 മണിവരെയാണ് ഇവ തെരുവിലിറങ്ങുന്നത്. ഒരു ഗ്യാങ്ങ് ലീഡറുടെ നേതൃത്വത്തിൽ 20–ഓളം നായ്ക്കൾ ഒരുമിച്ച് ഒരു ഗ്യാങ്ങായിട്ടാണ് തെരുവിലിറങ്ങുന്നത്. അറവുശാലകളിൽനിന്നുള്ള അവശിഷ്ടങ്ങൾ രാത്രിയിൽ റോഡരികിൽ കൊണ്ടുവന്നിടുന്നത് കടികൂടി ഭക്ഷിച്ചു കൊണ്ടു നിൽക്കുന്ന സമയത്തായിരിക്കും ആളുകൾ നടന്നുപോകുന്നത്. സ്കൂട്ടറിൽ പോകുന്നവരുടെയും സ്കൂൾ കുട്ടികളുടെയും പിന്നാലെ ഇവ ഓടിയെത്തും. വിലകൂടിയ നായ്ക്കളേയുംകൊണ്ട് പ്രഭാത സവാരിക്ക് പോകുന്ന ഒരു പതിവ് തിരുവനന്തപുരത്തുണ്ടായിരുന്നു, ഇപ്പോൾ അതിന് നിവൃത്തിയില്ല. അങ്ങനെ നടക്കാനിറങ്ങുന്നവരെയെല്ലാം തെരുവുനായ്ക്കൾ ഓടിക്കുന്ന സ്ഥിതിവിശേഷമാണിവിടെയുള്ളത്. ബഹു. സ്പീക്കർ താമസ സ്ഥല

ത്തേയ്ക്കു പോകുന്ന വികാസ്ഭവൻ റോഡിൽ ഇപ്പോൾ 50 നായ്ക്കളെങ്കിലും വിശ്രമിക്കുന്നുണ്ടാകും. തലസ്ഥാന നഗരിയിൽ മാത്രമല്ല എം.എൽ.എ. ക്വാർട്ടേഴ്സിലും നിയമസഭയ്ക്കകത്തുമൊക്കെ നായകൾ വളരെ ഭീഷണിയായിട്ടുള്ള ഒരു സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. ഇതിന് ഒരു പരിഹാരമുണ്ടാക്കുവാൻ നിയമഭേദഗതി ആവശ്യമാണെങ്കിൽ അങ്ങനെ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഡോഗ് ലവേഴ്സ് എന്നുപറഞ്ഞ് കുറച്ചാളുകളുണ്ട്. അവർക്ക് ഇതിന്റെ വിഷമമൊന്നുമറിയില്ല. ഞാൻ തിരുവനന്തപുരം കോർപ്പറേഷന്റെ മേയറായിരുന്നപ്പോൾ ഒരു ദിവസം ശ്രീമതി മേനകാ ഗാന്ധിയും രണ്ടുമൂന്ന് ഡോഗ് ലവേഴ്സും എന്റെ ഓഫീസിൽ വന്നു. പട്ടികളെ കൊല്ലരുതെന്നാണ് അവർ പറഞ്ഞത്. ഞാൻ ബഹുമാനപൂർവ്വം അവരോട് പട്ടികളെ കൊല്ലില്ല എന്നു പറയുകയും തൊട്ടടുത്ത ദിവസം മുതൽ പട്ടികളെ കൊല്ലുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ഇത് വളരെ ഗുരുതരമായ ഒരു വിഷയമാണ്. അതുകൊണ്ട് ഈ വിഷയം പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലുമൊരു മാർഗ്ഗം കണ്ടെത്തണം. നിയമഭേദഗതിയോ അതല്ലങ്കിൽ നിയമത്തെ രഹസ്യമായി വച്ചുകൊണ്ട് എന്തെങ്കിലും നടപടികളോ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളിലായി പത്രങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യത്തെക്കുറിച്ചുള്ള വാർത്ത വന്നുകൊണ്ടിരിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്. സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം രൂക്ഷമാ

യിക്കൊണ്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്ര വാർത്തകളുടെ അടിസ്ഥാനത്തിൽ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. 2001 –ലെ Animal Birth Control (ABC) Rule 7 പ്രകാരം പ്രത്യേകം പരിശീലനം ലഭിച്ച ആളുകളെ ഉപയോഗിച്ചുമാത്രമേ അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ വന്ധ്യംകരിക്കുന്നതിനും പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനും വ്യവസ്ഥയുള്ളൂ. ഇതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിൽ 10 വെറ്ററിനറി ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ച് വന്ധ്യംകരണ നിയന്ത്രണ മാർഗ്ഗങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ശുചിത്വമിഷനും കോർപ്പറേഷനുംകൂടി ഇതിന്റെ ചെലവ് വഹിക്കും. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് പൈലറ്റ് പദ്ധതി എന്ന നിലയിൽ ആൾപ്പാർപ്പില്ലാത്ത പ്രദേശത്ത് പ്രത്യേകം വേലികെട്ടി മതിയായ സൗകര്യങ്ങളോടെ ഭക്ഷണവും പരിപാലനവും നൽകി നായ്ക്കളെ സംരക്ഷിക്കുവാൻ സർക്കാരിന് പദ്ധതിയുണ്ട്. ഇതിലൂടെ നായ്ക്കളുടെ എണ്ണം ക്രമേണ കുറയ്ക്കാൻ കഴിയും. എസ്.പി.സി.ഐ., അനിമൽ വെൽഫയർ ബോർഡ് എന്നിവയുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പേവിഷബാധയുള്ള നായ്ക്കളേയും മാരകരോഗം ബാധിച്ചവയേയും മതിയായ സർട്ടിഫിക്കേഷനോടെ ദയാവധം നടത്തുവാനും മറ്റുള്ളവരെ വന്ധ്യംകരിക്കാനും കഴിയും. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലേയും സർക്കാർ ആശുപത്രികളിലേയും മാത്രം കണക്കനുസരിച്ച് 2013–ൽ പേവിഷബാധയേറ്റ് 11 പേർ മരിച്ചിട്ടുണ്ട്. 88172 പേർക്ക് തെരുവുനായ്ക്കളുടെ കടിയേറ്റു. പ്രതിരോധ വാക്സിനും മറ്റുമായി ഏകദേശം 10 കോടി രൂപ ചെലവഴി

ച്ചതായി കണക്കാക്കപ്പെടുന്നു. തെരുവുനായ്ക്കളെ കൊല്ലുന്നത് തടഞ്ഞു കൊണ്ടുള്ള സുപ്രീം കോടതിയുടെ 2009-ലെ ഇടക്കാല വിധി നിലനിൽക്കുക യാണ്. ഈ കേസിൽ സംസ്ഥാന സർക്കാരും കക്ഷി ചേർന്നിട്ടുണ്ട്. കേസിൽ എത്രയും വേഗം തീരുമാനമുണ്ടാക്കുന്നതിനായി അടിയന്തര നടപടി സ്വീകരി ക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് ജനകീയ സമിതികളുണ്ടാക്കി പദ്ധതികൾ ആവിഷ്കരി ക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പി ക്കേണ്ടത് കേരള മുനിസിപ്പൽ ആക്ട് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങ ളുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ സഹായങ്ങളും സർക്കാർ നൽകുന്നതാണ്. പേവിഷബാധയുടെ നിയന്ത്രണം സംബന്ധിച്ച പദ്ധതി നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വ ത്തിൽ സംസ്ഥാന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സാധാരണക്കാരുടെ സ്വൈര ജീവിതത്തിന് ഭീഷണിയായിക്കൊണ്ടിരിക്കുന്ന ഈ വിഷയത്തിൽ സഭയിലെ അംഗങ്ങളുടെ പൊതുവികാരം കണക്കിലെടുത്ത് നിലവിലെ നിയമത്തിൽ ആവശ്യമായ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാവുന്ന താണ്. ഇവിടെ ഡോഗ് ലവേഴ്സിനെക്കുറിച്ച് പറഞ്ഞു. വളരെക്കൂടുതൽ ഡോഗ് ലവേഴ്സുള്ളത് കൊറിയയിലും നാഗാലാന്റിലുമാണ്. അവിടേയ്ക്ക് നായ്ക്കളെ എക്സ്പോർട്ട് ചെയ്യുന്ന കാര്യം പരിശോധിക്കാം.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ)